LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 മാർച്ച് വാല്യം 3 ലക്കം 3

## CHRIST THE HIGH PRIEST

Heb 3 : 1
Heb 6 : 20
Heb 2 : 17
Heb 4 : 14,15

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കര സാർ




Exodus 28: 36,37

# അഭിഷേകാഗ്നി

**ദേവസ്യാ മുല്ലക്കരസാർ**

## എഡിറ്റോറിയൽ

**പ**രിശുദ്ധാത്മാവ് നൽകുന്ന അത്ഭുത ഉണർവ്വ്, എന്ന പേരിൽ ന്യൂജനറേഷൻ ചർച്ചുകളിൽ പലരും തെറ്റായ പ്രവചനങ്ങൾ നടത്തി പണപ്പിരിവ് നടത്തുമ്പോൾ വേറെ ചിലർ ബ്രദറൺ ചുവകൾ അവതരിപ്പിച്ചുകൊണ്ട് ക്രിസ്തുവിന്റെ മർമ്മം എന്നപേരിൽ പ്രസംഗവും രചനയും നടത്തി അതാണ് ശരി എന്നു വരുത്തുന്നു. രണ്ടുകൂട്ടരും അറിയാതെ കൾട്ടുകളായി മാറിക്കൊണ്ടിരിക്കുന്നു. ആദ്യത്തെ കൂട്ടരുടെ വലയിൽ വീഴുന്നത് പൗരോഹിത്യചർച്ചുകളിലെ ഭക്തശിരോമണികളായ ചേച്ചിമാരാണെങ്കിൽ, രണ്ടാമത്തെ കൂട്ടരുടെ വലയിൽ വീഴുന്നത് വീണ്ടുംജനനവും അടിസ്ഥാനമാനസാന്തരവുമില്ലാത്ത വല്യേട്ടന്മാരാണ്. പിന്നെ മൂന്നാമതൊരു കൂട്ടരുള്ളത് പുണ്യവാള പുണ്യവതീഭക്തന്മാരാണ്. ഈ മൂന്നു കൂട്ടരും അറിഞ്ഞോ അറിയാതെയോ കൾട്ടുസ്വഭാവമുള്ള മതാനുഭവത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്.

യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് നൽകുന്ന അത്ഭുത ഉണർവ്വ് അല്ല ന്യൂജനറേഷൻ ചർച്ചുകളിൽ പലരും ഉപയോഗിക്കുന്നത്. ഒരു പ്രവാചകന്റെ ജീവിതം വേദപുസ്തകത്തിലെ തിരുവചനങ്ങൾക്ക് അനുസൃതമായിരിക്കണം, പ്രത്യേകിച്ചും പുതിയനിയമോപദേശങ്ങൾക്ക്. രണ്ടാമത്തേത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിക്ക് വേണ്ടിയുള്ള ശ്രമങ്ങൾ ത്യാഗപൂർണ്ണമായിരിക്കണം. മറ്റൊരു ക്രിസ്തുവാകാൻ അദ്ദേഹത്തിന് കഴിയണം. കാമം, ക്രോധം, ലോഭം, മോഹം മുതലായവയെ തോല്പിക്കുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യവും ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ഉപദേശങ്ങളെയും അനുഗമിക്കുക എന്നത് അദ്ദേഹത്തിന്റെ മാർഗ്ഗവുമായിരിക്കണം. ഭക്തി എന്നത് പലർക്കും ഒരു പ്രദർശനവസ്തുവാണ്. ഭക്തി ഹൃദയത്തിൽ ആളിക്കത്തുന്നതും മറ്റുള്ളവരെ കാണിക്കാനുള്ളതല്ലാത്തതുമായിരിക്കണം. മുക്തിയോടുള്ള അടങ്ങാത്ത ആഗ്രഹത്തിൽ ഭക്തി എന്നത് ലയിച്ചിരിക്കണം. ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ പരിശുദ്ധാത്മസ്നാനം ദർശനപ്രവചനവീര്യപ്രവൃത്തികളെ അവ ലഭിച്ചിട്ടുണ്ടെങ്കിൽ, ഉപയോഗിക്കാൻ പര്യാപ്തമാണ്. പുതിയനിയമോപദേശങ്ങൾക്കനുസൃതമായ വചനപഠനം പഴയനിയമനിഴലുകളെയും സ്വീകരിച്ച്കൊണ്ടുള്ളത്, ഒരു വിശ്വാസിക്ക് അത്യന്താപേക്ഷിതമാണെന്ന് വീണ്ടും എഴുതട്ടെ.

(ശേഷം 4-ാം പേജിൽ)

CONTENTS


എഡിറ്റോറിയൽ............................2,4,5,6

ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

(ദേവസ്യാസാർ)...........3,7-12,14,15,33,34

യഥാർത്ഥ അഭിഷേകം

(പാ.ടോമിച്ചൻ)..............................16-23

ഇളകുന്ന ഭൂമിയും ഇളകാത്ത രാജ്യവും

(പാ:രാജു എബ്രഹാം)...........24,25,28,29

ദർശനമുള്ള മനുഷ്യൻ

(പാ: ബേബിച്ചൻ)........................26,27

"ആത്മാവിനെ അനുസരിച്ച് നടക്കുക"

(പാ:രാജു ഐസക്).................30,31,32

പ്രാർത്ഥനാ സഹായങ്ങൾക്കും

കത്തിടപാടുകൾക്കും........................13

സാക്ഷ്യം...........................................34

വാർത്തകൾ .....................................35



# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

## ദേവസ്യാ മുല്ലക്കരസാർ

ക്രൈസ്തവമതങ്ങൾ ആവിഷ്ക്കരിക്കുന്ന പാരമ്പര്യങ്ങൾക്കും, ആചാരാനുഷ്ഠാനങ്ങൾക്കും അതീതമായ ഒരു ആദ്ധ്യാത്മികതയെ വേദപുസ്തക ത്തിലൂടെ എനിക്ക് പരിചെയപ്പെടുവാൻ സാധിച്ചു. അതെനിക്ക് മാത്രമല്ല അനേകർക്ക് പരിചയപ്പെടുവാനും അനുഭവിക്കാനും സാധിച്ച വിശുദ്ധ ആദ്ധ്യാത്മികതയാണ്. ഇതേപ്പറ്റി 2 തിമൊ.3:15,16 വാക്യങ്ങൾ ഇങ്ങനെയാണ്. "ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറിയുകയും ചെയ്യുന്നതുകൊണ്ട്, നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്ന അതിൽ നിലനിൽക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും, ഗുണീകണത്തിനും, നീതിയുടെ അഭ്യസനത്തിനും പ്രയോജനമുള്ളത് ആകുന്നു."

ഈ വാക്യങ്ങളിൽ **"ദൈവത്തിന്റെ മനുഷ്യൻ"** എന്ന പ്രയോഗമുണ്ട്. ദൈവത്തിന്റെ മനുഷ്യനാകുവാൻ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയണം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവെഴുത്തുകളെ അറിഞ്ഞ് ദൈവത്തിന്റെ മനുഷ്യനായാൽ ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയുടെ അഭ്യസനത്തിനും പ്രയോജനമുള്ളത് ആകും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലജ്ജിപ്പാൻ സംഗതിയുള്ള വേലക്കാരനായിട്ടാണ് ഞാൻ പഴയ കാത്തലിക് സംവിധാനങ്ങളിൽ ഉണ്ടായിരുന്നത്. കത്തോലിക്കാ സഭയിൽ ഉണ്ടായ കരിസ്മാറ്റിക് ആദ്ധ്യാത്മികതയിൽ വചനത്തിന് കുറച്ചെല്ലാം പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ 2006-ന്റെ ആരംഭത്തിൽ മുഴുകൽ സ്നാനം സ്വീകരിക്കുകയും, 2008-ൽ ഒരു "ദൈവത്തിന്റെ പുരുഷനാൽ ഓർഡൈൻ ചെയ്യപ്പെട്ട് ആത്മാഭിഷേകം ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ആത്മീയപ്രവർത്തനങ്ങളുമായി ഞാൻ മുന്നോട്ട് പോകുവാൻ തുടങ്ങിയപ്പോൾ എനിക്ക് അഭിമാനത്തോടെ പറയുവാൻ സാധിക്കും, സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നിലനിൽക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്, എന്ന്.

തിരുവചനം, മനുഷ്യന്റെ ആത്മരക്ഷയ്ക്കുവേണ്ടി രക്ഷകനായ ക്രിസ്തു കാൽവരിയിൽ പൂർത്തിയാക്കിയ രക്ഷാകരസംഭവങ്ങൾ സംബന്ധിച്ച ആധികാരിക രേഖയാണ്; ബൈബിളിന് തുല്യം ബൈബിൾ മാത്രമേയുള്ളു. സാഗരം സാഗരോപമം എന്നു പറയുന്നുതുപോലെ ബൈബിളിനു തുല്യമായി മറ്റൊന്നില്ല. എന്നാൽ കാത്തലിക്ചർച്ച് ഉൾപ്പെടെയുള്ള അനേകം പൗരോഹിത്യസഭകൾ പലതരം പാരമ്പര്യങ്ങളെയും ആരാധനാരീതികളെയും (ലിറ്റർജി) ആസൂത്രിതമായി സ്വീകരിച്ചുവെച്ചിരിക്കുന്നു. എ.ഡി 1545-ലെ ട്രെൻഡ് സൂനഹദോസിലാണ് കത്തോലിക്കാ സഭയുടെ 'വിശ്വാസസമ്പത്തിൽ' എല്ലാ പാരമ്പര്യങ്ങളെയും എല്ലാ ആരാധനാരീതികളെയും ചേർത്തത്. പക്ഷേ യാതൊരു പാരമ്പര്യവും ക്രിസ്തുവിൽനിന്ന് സ്വീകരിച്ചിട്ടുള്ളവയല്ല. അതുകൊണ്ട് പാരമ്പര്യങ്ങൾ തെറ്റാണ്. യാതൊരു പാരമ്പര്യങ്ങളും അപ്പൊസ്തലന്മാരുടെ എഴുത്തിൽനിന്നോ, പ്രവൃത്തിയിൽനിന്നോ സ്വീകരിച്ചിട്ടുള്ളതല്ലാത്തതിനാൽ അതൊരു ആത്മീക മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാൻ പറ്റുകയില്ല. 1 പത്രൊ.1:18,19 വാക്യങ്ങളിൽ ഈ പാരമ്പര്യങ്ങളെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

(ശേഷം 7-ാം പേജിൽ)

# അഭിഷേകാഗ്നി

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

(2-ാം പേജിൽ നിന്നും തുടർച്ച)

ജീവിതവിശുദ്ധി എന്നത്, മറ്റൊരു ക്രിസ്തുവായിത്തീരാനുള്ള ഒടുങ്ങാത്ത ആഗ്രഹങ്ങൾകൊണ്ട് നിറഞ്ഞതായിരിക്കണമെന്ന് വീണ്ടും കുറിയ്ക്കട്ടെ. മതപരത പോലെയുള്ള ഭക്തിപ്രദർശനങ്ങൾ, ചടങ്ങുകളുടെ മുമ്പിലും ആചാരാനുഷ്ഠാനങ്ങളുടെ മുമ്പിലും, വേദാധാരമില്ലാതെ, അവ ശരിയാണെന്ന് അംഗീകരിച്ചുകൊണ്ട് അവയ്ക്കുവേണ്ടി വാദിച്ചുകൊണ്ടുള്ള നിലപാടുകൾ, ഇവയൊക്കെയും യഥാർത്ഥ പരിശുദ്ധാത്മ ശക്തിയെയും അഭിഷേകാഗ്നിയെയും തകർത്ത് കളയുന്നതാണ്. ഇവയ്ക്കെല്ലാം പുറമെ, സാത്താന്റെ എല്ലാതരത്തിലുമുള്ള കടന്നുവരവിനെ എതിർക്കുകയും നിർമ്മലമായ ക്രിസ്തുസ്നേഹത്തെ യഥായോഗ്യം അവതരിപ്പിക്കുവാൻ വിശ്വാസിയും ഇടയനും പ്രവാചകനും കടപ്പാടുണ്ടെന്നതും ഇവിടെ ഓർമ്മിപ്പിക്കട്ടെ.

ഇത് അന്ത്യകാലമാണ്. ക്രിസ്തുവിന്റെ വീണ്ടുംവരവ് ഏറ്റവുമടുത്തിരിക്കെ ദൈവജനമെന്ന മണവാട്ടിസഭ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ജീവിച്ച്, ജാതികളെയും പൗരോഹിത്യാർഭാടങ്ങളിലും ബിംബാരാധനകളിലും കുടുങ്ങിക്കിടക്കുന്നവരെ യഥാർത്ഥ ക്രിസ്തുവിനെ അനുഭവിക്കുന്നവരാക്കുക എന്നത് അന്ത്യകാലശുശ്രൂഷയുടെ അവിഭാജ്യഘടകമാണ്.

വലിയ ഉണർവ്വ് ഇവിടെ ആവിഷ്ക്കരിക്കുവാൻ ചാൾസ് ഫിന്നിയെയും ജോൺവെസ്ലിയെയും ദൈവം ഉപയോഗിച്ചായിരുന്നു. ചിക്കാഗോയിലും അമേരിക്കയിലുടനീളവും ഡി എൽ മൂഡിയെ വളരെ നന്നായി ദൈവം ഉണർവ്വിനായി ഉപയോഗിച്ചു. അവർ ക്രിസ്തീയ രാജ്യങ്ങളിലാണ് ഉണർവ്വിനുവേണ്ടി അദ്ധ്വാനിച്ചത് എന്നത് നാമോർക്കണം. ആ സാഹചര്യം ശുശ്രൂഷയ്ക്കനുകൂലമായ സാഹചര്യങ്ങളെ നൽകിയിരുന്നു. എന്നാൽ ചൈന, റഷ്യ പോലെയുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സാഹചര്യമോ? ഗൾഫ് രാജ്യങ്ങൾ പ്രത്യേകിച്ചും സൗദി അറേബ്യ - ഇവിടെയൊക്കെ സാഹചര്യങ്ങൾ എത്ര പ്രതികൂലമാണ്. ഇന്ത്യ തന്നെയാണ് സുവിശേഷ വളർച്ചയ്ക്ക് ഏറ്റവും പ്രയാസമേറിയ രാജ്യം. കഴിഞ്ഞ 2 വർഷങ്ങൾക്കിടയിൽ ശുശ്രൂഷകർ ഉത്തരേന്ത്യയിലുടനീളം വേട്ടയാടപ്പെട്ടു. എത്രയെത്ര വിശ്വാസികളെ അവർ പീഡിപ്പിച്ചു. കേരളത്തിലും അവർ ഭീഷണിയുടെ ബന്ധനങ്ങളിലാണ്. ആദിമസഭയിലും ഇങ്ങനെയൊക്കെയായിരുന്നു. അപ്പോൾ എങ്ങനെ ഇവിടെ സുവിശേഷവത്ക്കരണം സമൃദ്ധമായി ചെയ്യും? സുപ്രധാനമാർഗ്ഗം നമ്മിൽ അഭിഷേകാഗ്നി ആളിക്കത്തിയിരിക്കണമെന്നതാണ്. അഭിഷേകാഗ്നി കത്തണമെങ്കിൽ പരിശുദ്ധാത്മവരദാന കൃപകൾ വചനസന്ദേശങ്ങൾക്കൊപ്പം നമ്മിൽ വളരുകയും നല്ല കൂട്ടായ്മകൾക്ക് വേരോട്ടമുണ്ടാക്കുകയും വേണം. മനുഷ്യർക്ക് സ്വയം അഭിഷേകാഗ്നി ആളിക്കത്തിക്കുവാൻ കഴിയുമെന്ന് ചിലർ പറഞ്ഞേക്കാം. അവർ അങ്ങനെ ചെയ്തതായിട്ടുള്ള വീഡിയോക്ലിപ്പിംഗുകൾ നാം കണ്ടേക്കാം. ചില മീറ്റിംഗുകളിൽ അങ്ങനെയുള്ള ആഹ്വാനങ്ങൾ കണ്ടേക്കാം. കഴിയില്ല, ഒരു മനുഷ്യനും കഴിയുകയില്ല, അഭിഷേകാഗ്നി പകരാൻ .

ദൈവപിതാവിന് അഥവാ യേശുക്രിസ്തുവിന് അഥവാ പരിശുദ്ധാത്മാവിന്, ചേർത്ത് പറഞ്ഞാൽ ത്രീയേകദൈവത്തിന് മാത്രമേ അഭിഷേകാഗ്നി തരാൻ കഴിയുകയുള്ളൂ. പരിശുദ്ധാത്മാഭിഷേകം, പരിശുദ്ധാത്മസ്നാനം, അഭിഷേകാഗ്നി മുതലായവയൊന്നും ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ നിന്നും ഒരു കാരണവശാലും ലഭ്യമാണെന്നുള്ള പഠനംകൾട്ടുവാദത്തിലേക്ക് ശുശ്രൂഷകനെയും കൊണ്ടുപോകും, വിശ്വാസികളെയും കൊണ്ടുപോകും. ഈ അഗ്നിയഭിഷേകങ്ങളെയൊക്കെ വെളിപാട് എന്ന് വിളിക്കാം.

### പഴയനിയമത്തിലെ ഏലീശാ

ഏലീശായ്ക്ക് ദൈവാത്മാവ് നിരവധി വെളിപാടുകൾ നൽകിയിരുന്നു. സിറിയൻ രാജാവുൾപ്പെടെ പലരും യിസ്രായേലിനെതിരെ ഒരുക്കിയിരുന്ന എല്ലാ രഹസ്യപദ്ധതികളും ദൈവം ഏലീശായ്ക്ക് വെളിപ്പെടുത്തിയിരുന്നു. 2 രാജാ. 6:12-ൽ "അവന്റെ ഭൃത്യന്മാരിൽ ഒരുത്തൻ: യജമാനനായ രാജാവെ, കാര്യം അങ്ങനെയല്ല; നീ ശയനഗൃഹത്തിൽ സംസാരിക്കുന്ന വാക്കുകൾ യിസ്രയേലിലെ പ്രവാചകനായ ഏലീശാ യിസ്രയേൽ രാജാവിനെ അറിയിക്കുന്നു."

ദൈവം രക്ഷയാകുന്നു എന്നാണ് ഏലീശാ എന്ന വാക്കിന്റെയർത്ഥം. ബി.സി 850-800 കാലഘട്ടത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. യഹോരാ, യോരാ, യോവാശ്, യേഹു, യഹോവാശ് എന്നീ രാജാക്കന്മാരുടെ കാലം ഏലീശായുടെ വെളിപ്പെടുത്തലിന്റെ കാലമായിരുന്നു. രാജാക്കന്മാരുടെ

# അഭിഷേകാഗ്നി

**എഡിറ്റോറിയൽ** **ദേവസ്യാ മുല്ലക്കരസാർ**

രണ്ടാംപുസ്തകത്തിലെ ആദ്യത്തെ പതിമൂന്ന് അദ്ധ്യായങ്ങൾ ഏലീശായുടെ വീര്യപ്രവൃത്തികൾകൊണ്ടും വെളിപ്പാടുകൾ കൊണ്ടും നിറഞ്ഞുകിടക്കുന്നു. 2 രാജാ.2-ൽ ഏലീയാ പ്രവാചകന്റെ സ്വർഗ്ഗാരോഹണസമയമായി. ഏലിയാവിൽ നിന്നു വേർപെടുവാൻ ഏലീശാ ഇഷ്ടപ്പെട്ടില്ലായിരുന്നു. ഇരുവരും യോർദ്ദാൻ കഴിഞ്ഞപ്പോൾ "ഞാൻ നിങ്കൽനിന്നും എടുത്തുകൊള്ളപ്പെടുംമുമ്പേ ഞാൻ നിനക്കെന്തു ചെയ്തുതരേണം? നിന്റെ ആത്മാവിൽ ഇരട്ടിപ്പങ്ക് എന്റെമേൽ വരുമാറാകട്ടെ എന്നു പറഞ്ഞു" ആദ്യജാതന്റെ അവകാശമാണ് ഇരട്ടിപ്പങ്ക്. താൻ ആരോഹണം ചെയ്യുന്നത് ഏലീശാ കാണുകയാണെങ്കിൽ ഈ ആഗ്രഹം സാധിക്കും എന്ന് ഏലിയാവ് അനുഗ്രഹിച്ചുപറഞ്ഞു. അഗ്നിരഥം വലിക്കാൻ അഗ്നിഅശ്വങ്ങളും വന്ന് അവരെ വേർപിരിച്ചു. ഒരു ചുഴലിക്കാറ്റിൽ ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ഏലിയാവിൽനിന്നും വീണ പുതപ്പെടുത്ത് ഏലീശാ മടങ്ങിപ്പോയി (2 രാജാ.2:13).

ഏലിയാവിന്റെ പുതപ്പെടുത്ത് യഹോവയുടെ നാമത്തിൽ ഏലീശാ യോർദ്ദാൻനദിയെ അടിച്ചു. നദി രണ്ടായി പിരിഞ്ഞു (2 രാജാ.2:14). ഗർഭനാശകരമായ യെരീഹോവിലെ ഉറവിലെ ജലം ഏലീശാ ഉപ്പിട്ട് ശുദ്ധമാക്കി (2 രാജാ.2:19-22). ചില ബാലന്മാർ മൊട്ടത്തലയാ കയറിവാ എന്ന് പരിഹസിച്ച പ്പോൾ പ്രവാചകൻ അവരെ യഹോവയുടെ നാമത്തിൽ ശപിച്ചു. ഉടൻ രണ്ട് പെൺകരടികൾ കാട്ടിൽനിന്ന് വന്ന് ബാലന്മാരിൽ നാല്പത്തിരണ്ട് പേരെ കീറിക്കളയുകയുണ്ടായി (2രാജാ.2:24).

2 രാജാ.3-ൽ 22,25 ഭാഗത്ത് ഏലീശാ ഒരു വീണക്കാരനെ വരുത്തി വീണ വായിച്ചപ്പോൾ യഹോവയുടെ കൈ ഏലീശായുടെമേൽ വരികയും കുഴികൾ കുഴിയ്ക്കുവാൻ ഏലീശാ കല്പിക്കുകയും യിസ്രയേല്യർക്ക് അനുഗ്രഹ കാരണമായിരുന്ന വെള്ളം ശത്രുക്കൾക്ക് നാശകാരണ മായിത്തീരുകയും ചെയ്തു. 2 രാജാ.4-ൽ 1 -7-ൽ ഒരു വിധവ യുടെ എണ്ണ വർദ്ധിപ്പിക്കുകയും എണ്ണ വിറ്റ് കടം വീട്ടുകയും ചെയ്യുന്ന രംഗമുണ്ട്. ശൂനേംകാരത്തിയുടെ മരിച്ച കുഞ്ഞിന്റെ മേൽ പ്രവാചകൻ കിടന്നു. ബാലൻ ഏഴ് പ്രാവശ്യം തുമ്മി. കണ്ണ് തുറന്നു (2 രൊജാ.4:8-37). കലത്തിൽ മാവിട്ട് പായസ ത്തിലെ വിഷം ഏലീശാ മാറ്റിക്കൊടുക്കുന്നു (2 രൊജാ.4:38-41). ഇരുപത് യവത്തപ്പവും മലരും കൊണ്ട് ഏലീശാ നൂറ് പേരെ അത്ഭുതകരമായി പോഷിപ്പിച്ച രംഗം 2 രാജാ.4:42-44-ൽ നാം കാണുന്നു.

ഒരു മരംവെട്ടുകാരന്റെ കോടാലി നദിയിൽ വീണപ്പോൾ പ്രവാചകൻ ഒരു കോൽവെട്ടി കോടാലി വീണ സ്ഥാനത്ത് എറിഞ്ഞു. ഉടൻ കോടാലി വെള്ളത്തിൽ പൊങ്ങി (2 രാജാ.6:1-7). അരാം രാജാവിന്റെ സേനാധിപതിയായ നയമാൻ ഏഴ് തവണ യോർദ്ദാനിൽ മുങ്ങിയപ്പോൾ കുഷ്ഠരോഗം മാറ്റിയ സംഭവം 2 രാജാ.5-ൽ നാം കാണുന്നു. ഇങ്ങനെ എന്തെന്ത് അത്ഭുതങ്ങളും അടയാളങ്ങളുമാണ് ഏലീശായ്ക്ക് കിട്ടിയ അഭിഷേകാഗ്നിയിലൂടെ സംഭവിച്ചത്.

**പത്രൊസിന് ലഭിച്ച അഗ്നിയഭിഷേകം**

പരിശുദ്ധാത്മാവ് പത്രൊസിന്റെമേൽ വന്നപ്പോൾ അപ്പൊ.3-ൽ ഒരു വലിയ മുടന്തൻ സുഖപ്പെടുന്നത് നമ്മൾ കാണുന്നു. വീര്യപ്രവൃത്തികളുടെ വരം. ദർശനങ്ങളിലൂടെയും ആത്മാഭിഷേകത്തിലൂടെയും വീര്യപ്രവൃത്തികളുടെ വരങ്ങളിലൂടെയും അഭിഷേകാഗ്നിയുടെ അനുഭവം പത്രൊസിൽ പകർന്ന് ലഭിക്കുകയായിരുന്നു. അപ്പൊസ്തല പ്രവർത്തനങ്ങൾ 10-ാം അദ്ധ്യായം നാം വായിക്കുമ്പോൾ ജാതികളുടെ അടുക്കലേക്ക് സുവിശേഷവുമായി പോകേണ്ടതിന് ദൈവാത്മാവ് പത്രൊസിന്റെ ഉൾക്കണ്ണുകളെ തുറന്ന് ദർശനപ്രവചനങ്ങൾ ഏറെ നൽകി. ഇത്താലിക (ഇറ്റലി) പട്ടാളത്തിൽ കൊർണേലിയോസ് എന്നു പേരുള്ള ശതാധിപന്റെ കണ്ണുകളും തുറക്കുന്നത് നാം കാണുന്നു. അദ്ദേഹത്തിന്റെ ദർശനങ്ങൾ ജാതികളുടെ ഇടയിലേക്ക് സുവിശേഷത്തിന്റെ വാതിൽ തുറക്കുവാൻ ഇടവരുത്തി. ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്ന പത്രൊസ് മരിച്ചവരെ ഉയിർപ്പിക്കുകയുണ്ടായി, ക്രിസ്തുവിനേപ്പോലെ. അങ്ങനെ അഭിഷേകാഗ്നി പത്രൊസിൽ ആളിക്കത്തുന്നത് കാണാം.

ഈ കാലത്ത് കപടമായ ദർശനങ്ങളും സ്വപ്നങ്ങളും കൊണ്ട് ആളുകൾ പല സഭകളെയും വഞ്ചിക്കുന്നതിനെപ്പറ്റി ഈ മുഖവുരയുടെ ആരംഭത്തിൽ എഴുതിയിട്ടുണ്ടല്ലോ. യഥാർത്ഥ വിശ്വാസികൾപോലും പലരുടെയും വെളിപ്പാടുകളെ സംശയിക്കുന്നു. യഥാർത്ഥ അനുഭവം പത്രൊസിനുണ്ടാ യിരുന്നു. "അവൻ വളരെ വിശന്നിട്ട് ഭക്ഷിപ്പാനാഗ്രഹിച്ചു. അവർ ഒരുക്കുമ്പോഴേക്ക് അവന് ഒരു വിവശത വന്നു. ആകാശം

# അഭിഷേകാഗ്നി

**ദേവസ്യാ മുല്ലക്കരസാർ** **എഡിറ്റോറിയൽ**

തുറന്നിരിക്കുന്നതും വലിയ ഒരു തുപ്പട്ടിപോലെ നാലുകോണും കെട്ടിയിട്ട് ഭൂമിയിലേക്ക് ഇറക്കിവിട്ട ഒരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽഭൂമിയിലെ സകലവിധ നാൽക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയുമുണ്ടായിരുന്നു. പത്രൊസെ, എഴുന്നേറ്റ് അറുത്ത് തിന്നുക എന്ന് ഒരു ശബ്ദമുണ്ടായി. അതിന് പത്രൊസ് ഒരിക്കലും പാടില്ല, കർത്താവെ,........... ദൈവം വിശുദ്ധീകരിച്ചത് നീ മലിനമെന്ന് വിചാരിക്കരുത്.......... മൂന്ന് പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു. നീ എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക. ഞാനവരെ അയച്ചതാകകൊണ്ട് ഒന്നും സംശയിക്കാതെ അവരോടുകൂടെ പോകുക" (അപ്പൊ.10-23).

ഇത്തരം ദർശനങ്ങളും വെളിപാടുകളുമാണ് ഭൂലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കുവാൻ പത്രൊസിനെ സഹായിച്ചത്. അവ പത്രൊസിന് ലഭിച്ച അഗ്നിയഭിഷേകമായിരുന്നു. അഥവാ അഭിഷേകാഗ്നിയായിരുന്നു.

എന്താണിന്ന് അഭിഷേകാഗ്നി പലർക്കും ഇല്ലാത്തത്? മത്താ.22-ൽ 29-ാം വാക്യത്തിൽ "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ട് തെറ്റിപ്പോകുന്നു. പ്രഥമവും പ്രധാനവുമായത് വെളിപ്പെടുത്തപ്പെട്ട ദൈവശക്തിയെ അറിയായ്കയാൽ അഥവാ അഭിഷേകാഗ്നി ലഭിക്കാത്തതാണ് സുപ്രധാനം. ഒപ്പം തിരുവെഴുത്തുകളെ ഗ്രഹിക്കേണ്ടപോലെ ഗ്രഹിക്കാത്തതും. അതുകൊണ്ട് ദുരുപദേശങ്ങളാണ് പലരിലും പലപ്പോഴും. ദൈവസഭയിൽ ദൈവശബ്ദം കേൾക്കുന്ന വിശ്വാസികളും ശുശ്രൂഷകരും അനേകർ വേണം. ദൈവശക്തിയെ വെളിപ്പെടുത്തിക്കിട്ടുന്നില്ലെങ്കിൽ നമുക്ക് തെറ്റ് സംഭവിക്കും. ദൈവസഭ വളരില്ല. ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം ദൈവശക്തി വെളിപ്പെട്ട് കിട്ടണം. എഴുതിവെച്ചതെല്ലാം അറിയണം. അന്തസ്സായി ഗ്രഹിക്കണം. വളരെ പ്രാധാന്യമാണ് വചനവെളിപ്പാടിന്. ദൈവശക്തി വെളിപ്പെടുത്തുക എന്നത് അഥവാ നമുക്ക് അഭിഷേകാഗ്നി ലഭിക്കുക എന്നത് ഒപ്പം പ്രാധാന്യമുള്ളതാണ്. അത് ലഭിക്കാത്ത വിശ്വാസിയും ശുശ്രൂഷകനും സഭയും ഒത്തിരി പ്രാർത്ഥിക്കേണ്ടതുണ്ട്. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരൂശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും" (അപ്പൊ.1:8) എന്ന വചനത്തിലെ ശക്തി ലഭിക്കുന്നതാണ് അഭിഷേകാഗ്നി. "നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുന്നതിനുമുമ്പെ പരിശുദ്ധാത്മാവ്കൊണ്ട് സ്നാനം ലഭിക്കും'' (അപ്പൊ.1:5). വെള്ളത്തിൽ മുങ്ങിയുള്ള സ്നാനത്തെയല്ല ഈ വചനത്തിൽ വിവക്ഷിക്കുന്നത്. പരിശുദ്ധാത്മാവ്കൊണ്ടുള്ള സ്നാനമാണ്. ക്രിസ്തുവാണ് അത് നൽകുന്നത്. ശത്രുവായ പിശാചിന്റെയും പാപലോകബന്ധങ്ങളുടെയും ശക്തിയെ തകർക്കുവാൻ പറ്റിയ ശക്തിയാണ് പരിശുദ്ധാത്മശക്തി. ദൈവവചനവ്യാഖ്യാനം പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നതുപോലെ ആകുകയും, സ്നേഹത്തിലും വിശുദ്ധിയിലും വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയിലും നാം ഉറ്റിരിക്കുകയും ചെയ്താൽ തക്കസമയത്ത് ഈ ദൈവീകശക്തി ദൈവം ആർക്കും നൽകുക തന്നെചെയ്യും.


## പ്രിയ വായനക്കാരോട് സ്നേഹപൂർവ്വം

**ആത്മാഭിഷേകം മാസികയുടെ വരിസംഖ്യ പുതുക്കാത്ത വായനക്കാർ അത് മണി ഓർഡർ ആയോ ബാങ്ക് വഴിയോ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ... Rs.300 ഇന്ത്യയ്ക്കകത്ത്, Rs.2500 ഇന്ത്യയ്ക്ക് വെളിയിൽ.**

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

## ദേവസ്യാ മുല്ലക്കരസാർ

(3-ാം പേജിൽ നിന്നും തുടർച്ച)

"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നും നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തു എന്ന നിർദ്ദോഷവും, നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്ന് നിങ്ങളറിയുന്നുവല്ലോ."അവൻ ലോകസ്ഥാപനത്തിനുമുമ്പെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനുമാണ്.'' അതായത് വ്യർത്ഥമാണ് പിതൃപാരമ്പര്യങ്ങളെന്നും അതിൽനിന്ന് നമ്മെ വീണ്ടെടുക്കേണ്ടതുണ്ട് എന്നൊക്കെയാണ് 1 പത്രൊ.1:18-19-ൽ ദൈവാത്മാവ് എഴുതിച്ചത്.

മത്താ.15-ലേയ്ക്കെത്തുമ്പോൾ അവിടെ 2-ാമത്തെ വാക്യം മുതൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങളുടെ സമ്പ്രദായം കൊണ്ട് നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതെന്ത്? ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്തിൽ നിങ്ങൾ ദൈവഹിതത്തെ ദുർബലമാക്കിയിരിക്കുന്നു." മത്താ.15:7-ൽ 'കപടഭക്തി' ക്കാരെ എന്ന് വിളിച്ചിരിക്കുന്നത് പാരമ്പര്യവാദികളെയും ലിറ്റർജിക്കാരെയും പഴയനിയമപുസ്തക കഥാപാത്രങ്ങളിൽ മുഴുവൻ ആദ്ധ്യാത്മികതയെയും കണ്ടെത്തുന്നവരെയുമാണ്. കർത്താവ് ഈ വാക്യം തിരഞ്ഞെടുത്തിരിക്കുന്നത് ഏശ.29:13-ൽ നിന്നുമാണ്. ''ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നെങ്കിലും അവരുടെ ഹൃദയം എന്നെവിട്ട് അകന്നിരിക്കുന്നു. മാനുഷകല്പനയായി ഉപദേശങ്ങളെ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമാക്കിയിരിക്കുന്നു" എന്നൊക്കെ പറഞ്ഞുവെയ്ക്കുകയാണ്. മാർക്കോസും ഈ കാര്യം പറയുന്നുണ്ട്. മാർക്കോസ് പറയുകയാണ് 7-ാം അദ്ധ്യായം 5-ാം വാക്യം ''നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനുസരിച്ച് നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ട് ഭക്ഷണം കഴിക്കുന്നതെന്ത് എന്ന് അവനോട് ചോദിച്ചു. അവൻ അവരോട് കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ച് ഏശയ്യാവ് പ്രവചിച്ചത് ശരി; ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നെങ്കിലും അവരുടെ ഹൃദയം എന്നിൽ നിന്നകന്നിരിക്കുന്നു.'' ട്രെൻഡ്, റാവന്നാ തുടങ്ങിയ സൂനഹദോസുകൾ ആവിഷ്ക്കരിച്ചുകൊണ്ടും അനേകം പോപ്പുമാർ എഴുതുന്ന പുസ്തകങ്ങളിലൂടെ പാരമ്പര്യത്തെ അംഗീകരിപ്പിച്ചുകൊണ്ടും അനേകർ മുന്നോട്ട് നീങ്ങുന്നത്, നമുക്ക് കാണുവാൻ സാധിക്കും.

എന്നാൽ, ദൈവത്തിന്റെ വചനത്തിൽ മാത്രം വിശ്വസിച്ചുകൊണ്ട് ഒരാൾ മുന്നോട്ട് പോയാൽ അവിടെയാണ് യഥാർത്ഥ അനുഗ്രഹം കിട്ടുക. നിങ്ങൾക്ക് അറിയാവുന്നതുപോലെ ദൈവവചനത്തോട് യാതൊന്നും കൂട്ടുകയൊ കുറയ്ക്കുകയൊ അരുതെന്ന് (ഗലാ.1:8.9, വെളി.22:18,19) ദൈവം തന്നെ പറഞ്ഞിരിക്കുമ്പോൾ, ഏത് സൂനഹദോസ് കൂടിയാലും എത്ര വലിയവർ എന്ന് അഭിമാനിക്കുന്നവരായാലും വചനത്തോട് എന്തെങ്കിലും ചേർക്കുന്നത് പാപം ചെയ്യലാണെന്ന് മനസ്സിലാക്കണമെ. സഭാപ്രസംഗിയുടെ പുസ്തകം 3:14 അനുസരിച്ചു വേദപുസ്തകത്തിൽനിന്നും ഒന്നും കുറയ്ക്കുവാനൊ കൂട്ടുവാനൊ പാടില്ല. അപ്പൊക്രിഫാ സാഹിത്യ ഗ്രന്ഥങ്ങളായ 1-ഉം 2-ഉം മക്കബായർ, പ്രഭാഷകൻ, തോബിത്, ജ്ഞാനം തുടങ്ങിയ പുസ്തകങ്ങൾ ബൈബിളിൽ ചേർത്ത പാരമ്പര്യശൈലി ദൈവീകമല്ല എന്നും പൈശാചികമാണ് എന്നും ദയവായി തിരിച്ചറിയണമെ. വെളി.22:18,19 വാക്യങ്ങളിൽ അതിൽ നിന്ന് ആരെങ്കിലും എന്തെങ്കിലും നീക്കിക്കളഞ്ഞാൽ അനേകം ബാധകൾ ഉണ്ടാകും എന്നുള്ളത് ഇവിടെ അനുസ്മരിക്കാം. ഗലാ.1:8,9 വാക്യങ്ങളിൽ ബൈബിളിലെ തിരുവെഴുത്തിന് വിപരീതമായി ആരെങ്കിലും എന്തെങ്കിലും അറിയിച്ചാൽ അവർ ശപിക്കപ്പെട്ടവൻ ആകട്ടെ എന്ന് പൗലൊസ് അപ്പൊസ്തലനിലൂടെ ദൈവം പറഞ്ഞത് നമുക്ക് മനസ്സിൽ സൂക്ഷിക്കാം. ഏശ.34:16 യഹോവയുടെ പുസ്തകത്തിൽ വായിച്ച് അന്വേഷിച്ച് നോക്കുവിൻ. അവയിൽ ഒന്നും കാണാതെയിരിക്കുകയില്ല.

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

ഒന്നിനും ഇണയില്ലാതിരി ക്കുകയില്ല. അവന്റെ വായല്ലോ ഉച്ചരിച്ചത്, അവന്റെ ആത്മാവല്ലോ കൂട്ടിവരുത്തിയത് എന്ന് രേഖപ്പെടുത്തു മ്പോൾ പിതാക്കന്മാർ എന്ന് പറയുന്നവരോ കാലാകാലങ്ങളിൽ ഉണ്ടാകുന്ന തിയോളജിയന്മാരോ പറയുന്നത്, വേദപുസ്തകത്തിന് തുല്യമാണ് എന്ന രീതി പൈശാചികമായ രീതിയാണ് എന്നത് ദയവായി മനസ്സിലാക്കണമെ.

ദൈവവചനം പൂർണ്ണമാണ്. 119-ാം സങ്കീർത്തന ത്തിൽ 89-ാം വാക്യം ''യഹോവെ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായി ഇരിക്കുന്നു'' എന്നാണ്. യോഹ.20:31-ൽ യേശു ദൈവപുത്രനാണ് എന്നും അങ്ങനെ വിശ്വസിക്കുന്നതുകൊണ്ട് അവന്റെ നാമത്തിൽ നിത്യജീവൻ, ഉണ്ടാകേണ്ടതിനുമാണ്, യോഹന്നാൻ അപ്പൊസ്തലൻ സുവിശേഷം എഴുതിയത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ സുവിശേഷ ങ്ങളും യേശു ദൈവപുത്രനാണെന്നും, അവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ കിട്ടും എന്ന് അറിയുവാൻവേണ്ടിത്തന്നെയുമാണ് എഴുതപ്പെട്ടത്. ആ സുവിശേഷത്തിൽ യോഹ.20:30-ൽ യേശു ചെയ്ത അനേകം കാര്യങ്ങൾ രേഖപ്പെടുത്താത്തവ ഉണ്ട് എങ്കിലും ആവശ്യമായ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട് എന്നു മനസ്സിലാക്കണം. അവന്റെ ഉപദേശങ്ങളെല്ലാം ഇതിന്റെ അകത്തുണ്ട്. ഇത് വായിച്ചുവേണം നാം ജ്ഞാനി കളാകുവാൻ. എ.ഡി 1229-ൽ വേദപുസ്തകത്തെ പാപ്പാ വിലക്കിയതുകൊണ്ട് ആ ജനസമൂഹത്തിന് അങ്ങനെ വേദപുസ്തകത്തെ ഉപജീവിക്കുവാൻ കഴിയുന്നില്ല. എന്നാൽ ഇനിയെങ്കിലും ഇന്നെങ്കിലും ഇപ്പോൾ മുതലെങ്കിലും വേദപുസ്തകത്തെ ഉപജീവിക്കണം. 2 തിമൊ.3:14-ൽ "ഇത് രക്ഷയ്ക്ക് നിന്നെ ജ്ഞാനിയാ ക്കുവാൻ മതിയായ തിരുവചനം'' ആണ് എന്ന് പറഞ്ഞിട്ടുണ്ട്. എഫേ.4:15-ൽ ക്രിസ്തു എന്ന തലയോളം വളരുവാൻ പറഞ്ഞിരിക്കുന്നു. യിര.5-ാം അദ്ധ്യായ ത്തിലേക്ക് നിങ്ങളെ ഇപ്പോൾ കൂട്ടിക്കൊണ്ടുപോകാമല്ലൊ. 26 മുതലുള്ള വചനങ്ങൾ "എന്റെ ജനത്തിന്റെ ഇടയിൽ ദുഷ്ടന്മാരെ കാണുന്നു. അവർ വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കുടുക്കുവെച്ച് മനുഷ്യരെ പിടിക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ മഹാന്മാരും ധനവാന്മാരും ആയിത്തീർന്നിരിക്കുന്നു. അവർ പുഷ്ടിവെച്ച് മിന്നുന്നു. ദുഷ്ടാരൂപി അവരിൽ കവിഞ്ഞിരിക്കുന്നു. അവർ അനാഥർക്ക് ഗുണം വരത്തക്കവണ്ണം അവരുടെ വ്യവഹാരം നടത്തുന്നില്ല. ദരിദ്രർക്ക് ന്യായപാലനം ചെയ്യുന്നതുമില്ല'' കേട്ടോ? യിരമ്യാവ് 5:26 മുതലുള്ള വാക്യങ്ങൾ. കുടുക്കു വെച്ചിരിക്കുന്നവർ ആരാണ്? ദൈവവചനത്തെ അറിയുന്നവരൊ അനുഭവിക്കുന്നവരൊ പങ്കുവെയ്ക്കു ന്നവരൊ അല്ല. പാരമ്പര്യങ്ങളെ ദൈവവചനത്തിൽ തിരുകികയറ്റി ജനങ്ങളെ കബളിപ്പിക്കുന്നവരാണ് ഈ പതിയിരിക്കുന്ന കൂട്ടരെന്ന്, നിങ്ങൾ തിരിച്ചറിയണം.

യിരമ്യാവിന്റെ പുസ്കം 6-ാം അദ്ധ്യായത്തിൽ 13-ാം വചനം കേൾക്കണമെ. ''അവരൊക്കെയും ആബാലവൃദ്ധം ദ്രവ്യാഗ്രഹികളാകുന്നു.'' ശരിയല്ലേ? ഒത്തിരി പുണ്യവാളന്മാരെയും പുണ്യവതികളെയും അവരുടെ മുമ്പിൽ നേർച്ചപ്പെട്ടികളെയും വെച്ചുകൊണ്ട്, പള്ളിപണിയാനും സ്കൂൾ പണിയാനും ജനകോടി കളോട്, കോടിക്കോടികൾ പിരിച്ചെടുത്തുകൊണ്ട് ആബാലവൃദ്ധം ദ്രവ്യാഗ്രഹികളായി മാറിപ്പോകുന്നു. "പ്രവാചകന്മാരും, പുരോഹിതന്മാരും ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു. സമാധാനമില്ലാതെയിരിക്കെ സമാധാ നം എന്നു പറഞ്ഞ് അവർ എന്റെ ജനത്തിന്റെ മുറിവിന് ലഘുവായി ചികിത്സിക്കുന്നു. മ്ലേച്ഛത പ്രവർത്തിച്ച തുകൊണ്ട് അവർ ലജ്ജിക്കേണ്ടിവരും''. അവർ ലജ്ജിക്കുകയൊ നാണമറിയുകയോ ചെയ്തിട്ടില്ല. ഇതാണ് പാരമ്പര്യവാദികളുടെ അവസ്ഥകളെക്കുറിച്ച് പ്രവാചക നായ യിരമ്യാവ് 6-ാം അദ്ധ്യായത്തിൽ 13 മുതലുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നമ്മൾ, മറിയത്തിന്റെയൊ പരുമലതിരുമേനിയുടെയൊ മദ്ധ്യസ്ഥ പ്രാർത്ഥനകളിലൊ അത്തരം ഉപദേശങ്ങളിലൊ

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

ലിറ്റർജിയിലൊ അനുഷ്ഠാനങ്ങളിലൊ അല്ല വിശ്വസിക്കേണ്ടത്, ക്രിസ്തുവിന്റെ ഉപദേശത്തിലാണ്. 2 യോഹ.9-ാം വാക്യം ഉദ്ധരിക്കാം. ''ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനൊ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശംകൊണ്ടല്ലാതെ നിങ്ങളുടെയടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവന് കുശലം പറയുകയുമരുത്. അവന് കുശലം പറയുന്നവൻ, അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയാണല്ലോ.''ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കണമെന്നാണ് 2 യോഹ.9-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുക എന്നു പറഞ്ഞാൽ വേദപുസ്തകത്തിൽ പറയുന്നതാണ് ക്രിസ്തുവിന്റെ ഉപദേശം. പരിശുദ്ധാത്മാവ് കാലാകാലങ്ങളിൽ നൽകുന്ന ആത്മീയസന്ദേശങ്ങളെയും നിങ്ങൾക്ക് സ്വീകരിക്കാം. ക്രിസ്തുവിന്റെ ഉപദേശം എന്നുപറയുമ്പോൾ പുണ്യവാന്മാർ, പുണ്യവതികൾ, മറിയം മുതലായവരുടെ മദ്ധ്യസ്ഥപ്രാർത്ഥനകളൊ, കുമ്പസാരം, കുർബ്ബാന മുതലായ കൂദാശകളൊ അല്ല ഉദ്ദേശിക്കുന്നത്. ഇന്നലേയും ഇന്നും നാളെയും ഒരിക്കലും മാറ്റമില്ലാതെ നിൽക്കുന്ന, അനന്യനായി നിൽക്കുന്ന, ക്രിസ്തുയേശുവിൽ (എബ്രാ.13:8) വിശ്വസിക്കുക, അവനിൽ വിശ്വസിക്കുന്ന ഒരു വിശുദ്ധനായി ജീവിച്ച് മരിച്ചുപോവുക.

"എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങളൊ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനൊ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗലാ.1:8,9). കൂടാതെ "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിലെഴുതിയ ബാധകൾ ദൈവം അവന് വരുത്തും ............ ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ .......... ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും'' (വെളി.22:18,19). ബൈബിളിലെ തിരുവചനങ്ങളോട് മെത്രാൻസംഘമോ, കർദ്ദിനാൾ സംഘമോ. പ്രൊഫസർ സംഘമോ എന്തെങ്കിലും കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യുന്നത് ശിക്ഷാർഹമാണ്. ഏതൊക്കെയാണ് ശിക്ഷകൾ വരുന്നതെന്ന് പറയാം. ''പട്ടണത്തിൽ നീ ശപിക്കപ്പെട്ടിരിക്കും. വയലിലും ശപിക്കപ്പെട്ടിരിക്കും. നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരിക്കും ............ ക്ഷയരോഗം, ജ്വരം, പുകച്ചിൽ, അത്യുഷ്ണം, വരൾച്ച, വെൺകതിർ, വിഷമഞ്ഞ് എന്നിവയാൽ യഹോവ നിന്നെ ബാധിക്കും .......... നീ നശിക്കുംവരെ അവ നിന്നെ പിൻതുടരും" (ആവ.28:16-22).

വ്യത്യസ്ത ക്രൈസ്തവമതങ്ങൾ വചനം തിരുത്തുന്നതുകൊണ്ടും പാരമ്പര്യത്തെ തിരുകികയറ്റുന്നതുകൊണ്ടുമാണ് ലോകത്തിൽ യുദ്ധവും പകർച്ച വ്യാധികളും പ്രശ്നങ്ങളും തുടരുന്നത്. മിക്ക മെത്രാന്മാരും അവരോട് ബന്ധപ്പെട്ടവരും ക്യാൻസർ, കിഡ്നി, ഹാർട്ട്, തളർവാതം എന്നിവയാൽ പലപ്പൊഴും കഷ്ടപ്പെട്ടാണ് മരിക്കുന്നതെന്ന കാര്യം ഇവിടെ കുറിക്കുന്നത് അവരോടുള്ള വ്യക്തിവൈരാഗ്യമാണെന്ന് ദയവായി വായനക്കാരൻ കരുതരുത്. ഇവരിൽ ഭൂരിപക്ഷവുമാണ് തമ്പുരാന്റെ വചനത്തെക്കാൾ പാരമ്പര്യത്തിനും മരിയഭക്തിക്കും പ്രാധാന്യം കൊടുത്തുകൊണ്ട് സത്യവചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നത് എന്നതിനാൽ അത്തരക്കാർക്ക് ശിക്ഷ ഉണ്ടാകാതിരിക്കില്ല എന്നത് ഗലാ.1:8,9 വചനപ്രകാരവും ആവ.28 പ്രകാരവും യാഥാർത്ഥ്യമാകയാലാണ്. ബിംബാരാധനക്കാർക്കും കൂദാശഭക്തിക്കാർക്കും രോഗാധിദു:ഖങ്ങൾ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലെന്ന കാര്യവും സത്യം മാത്രമാണ്. എ.ഡി 1229-ൽ റോമാ സഭ ബൈബിൾ സാമാന്യജനം വായിക്കുന്നത് തടഞ്ഞത് മാനവജനതയോടുള്ള

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

## ദേവസ്യാ മുല്ലക്കരസാർ

പിശാചിന്റെ അതിക്രൂരമായ നടപടിയായിരുന്നു. എ.ഡി 1545 മുതൽ പാരമ്പര്യങ്ങൾ ബൈബിളിന് തുല്യമാണെന്ന് മതങ്ങൾ പഠിപ്പിച്ചതോടെ വിഗ്രഹാരാധനയും ജപമാലഭക്തിയും കുർബ്ബാന-കുമ്പസാരഭക്തികളും കൊണ്ട്, പിശാച് പ്രപഞ്ചത്തെ തകർത്തു. സഭാപിതാക്കന്മാർ എന്നു പറയപ്പെടുന്നവരുടെ പ്രബോധനങ്ങൾക്കായി, ദൈവത്തിന്റെ പ്രബോധനങ്ങളെക്കാൾ സ്ഥാനം. എ.ഡി 1545-ലെ ട്രെൻഡ് സൂനഹദോസിന്റെ തീരുമാനത്തോടെ കാത്തലിക്ചർച്ചിന്റെ വിശ്വാസസമ്പത്ത് പാപ്പാമാരുടെ ഗ്രന്ഥങ്ങളും ലിറ്റർജിയുമായി മാറി. ദൈവവചനത്തിന് പ്രാധാന്യം കുറയുകയും പിതൃപാരമ്പര്യത്തിന് അമിതപ്രാധാന്യം ഉണ്ടാക്കുകയും ചെയ്തു അവർ. മത്താ.15-ൽ 1 മുതൽ 6 വരെയും, മർക്കോ.7-ൽ 1മുതൽ 13 വരെയും വചനങ്ങളിൽ ഈ ആശയങ്ങൾക്കെതിരെ കർത്താവ് ആഞ്ഞടിക്കുന്നുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ വീണ്ടെടുപ്പ് സാധിച്ചത് ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലാണ്. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ" (1 പത്രൊ.1:18).

മറിയം ഉൾപ്പെടെയുള്ള വ്യക്തികളുടെ മാദ്ധ്യസ്ഥ്യം വേദപുസ്തകസത്യങ്ങൾക്കെതിരാണ്. വേദപുസ്തകം അനുസരിച്ച് യേശു എന്ന ഒരേ ഒരു മദ്ധ്യസ്ഥൻ മാത്രമേയുള്ളു (1 തിമൊ.2:5, എബ്രാ.7:24,25). എന്നാൽ ക്രിസ്തുവിന്റെ അമ്മയല്ലേ മറിയം, അമ്മയില്ലാതെ മകനുണ്ടോ? എന്ന ചോദ്യങ്ങളുമായും, അമ്മയല്ലേ, നാമും ബഹുമാനിക്കേണ്ടെ, എന്ന ആശയങ്ങളുമായും ചില ലോകമതങ്ങൾ നിൽക്കുമ്പോൾ ബൈബിൾ പറയുന്ന മറുപടി ക്രിസ്തു മനുഷ്യപുത്രനാണെങ്കിലും ദൈവമാകയാൽ, ദൈവത്തിന് ദൈവമല്ലാതെ വേറെ മാതാപിതാക്കന്മാർ ഇല്ലാത്തതിനാൽ ദൈവത്തിന്റെ അമ്മെയന്ന പറച്ചിൽതന്നെ വചനപരമായ വിഡ്ഢിത്തം അത്രേ എന്നാണ്.

ക്രിസ്തുവിന്റെ അമ്മയാണ് മറിയം എന്ന് സമ്മതിക്കുമ്പോഴും മരിച്ചുപോയവരിൽ, പുതിയനിയമപ്രകാരം ക്രിസ്തുവല്ലാതെ ആരും എഴുന്നേറ്റിട്ടില്ലാത്തിനാലും (യോഹ.3:13) ഉയിർത്തെഴുന്നേൽപ്പിക്കുവാനുള്ള അധികാരം ദൈവത്തിന് മാത്രമേയുള്ളു, അതും അന്തിമവിധിയിലേ ഉള്ളു (അതിനുമുമ്പ് യേശുനാമത്തിൽ നീ ഒരു ഉയർന്ന വിസ്വാസിയാണെങ്കിൽ ദൈവം അനുവദിച്ചാൽ ആർക്കും ആകാം). അപ്പോൾ പിന്നെ മറിയം സ്വർഗ്ഗാരോഹിതയായി എന്ന് പാപ്പാമാർ പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? ''എന്റെ സഹോദരന്മാർക്ക് ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനുമായിത്തീർന്നിരിക്കുന്നു" എന്ന് സങ്കീ.69:8 അനുസരിച്ച് മറിയം പിന്നീട് പ്രസവിച്ച മക്കളെല്ലാം സ്വന്തം സഹോദരങ്ങളാണ്, കസിൻസല്ല. മർക്കോ.6:3-ലും മത്താ.13:55-ലും യേശുവിന് ശേഷം മറിയം പ്രസവിച്ച സഹോദരിമാരുടെ പേര് എഴുതിയിട്ടില്ലെങ്കിലും സഹോദരന്മാരുടെ പേര് എഴുതിയിട്ടുണ്ട്. 1. യാക്കോബ് 2. യോസെ, 3. ശീമോൻ 4. യൂദാ വേദപുസ്തകത്തിൽ ഈ പരമമായ സത്യങ്ങൾ എഴുതിവെയ്ക്കുമ്പോൾ ആരെല്ലാം മറിയ കന്യകയാണെന്ന് പറഞ്ഞാലും കന്യകയാവുകയില്ലല്ലോ. മറിയത്തെക്കുറിച്ചുള്ള ഈ വികലമായ ബൈബിൾരഹിത കാഴ്ച്ചപ്പാടുപോലെ കുർബ്ബാനയെക്കുറിച്ചും കുമ്പസാരത്തെക്കുറിച്ചും വേദപുസ്തകത്തിലുള്ള കാഴ്ച്ചപ്പാടുകളല്ല വിവിധ ക്രിസ്തീയമതങ്ങൾ ആവിഷ്ക്കരിക്കുന്നത്.

ബൈബിളനുസരിച്ച് ക്രിസ്തുവിന്റേതൊഴികെ, മറ്റാരുടെയും പൗരോഹിത്യത്തിന് യഥാർത്ഥ നിലനിൽപ്പില്ല. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് 7 പ്രത്യേതകകളുണ്ട്.

1. ക്രിസ്തുവിന്റെ പൗരോഹിത്യം രാജകീയ സ്വഭാവമുള്ളതാണ്.
2. ക്രിസ്തുവിന്റെ പൗരോഹിത്യം സ്വർഗ്ഗീയമാണ്.

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

3. ക്രിസ്തുവിന്റെ പൗരോഹിത്യം ആത്മീയമാണ്.
4. മാറ്റമില്ലാത്തതും നിരന്തരമായതും ആണ്.
5. ഫലപ്രദമായതും സാർവ്വത്രികമായതും ആണ്.
6. മനുഷ്യർക്കുവേണ്ടി ദൈവത്തോട് പക്ഷവാദം ചെയ്യുന്നതാണ്.
7. മാനവവംശത്തിനുവേണ്ടി ഗാഗുൽത്താമലയിൽ യാഗവും വഴിപാടും ആയി അർപ്പിക്കപ്പെട്ടതാണ്.

ക്രൂശുമരണമാണ് ക്രിസ്തുവിന്റെ യാഗം. സ്വർഗ്ഗാരോഹണമാണ് അതിപരിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനം. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പ്രത്യേകതകൾ എബ്രായലേഖനത്തിൽ വിവരിക്കുന്നു. എബ്രാ.5:10-ൽ ദൈവത്തിൽനിന്നുള്ള നിയമനമാണ്. എബ്രാ.7:24-ൽ മാറാത്തതും പിൻഗാമികളില്ലാത്തതുമായ പൗരോഹിത്യമാണ് ക്രിസ്തുവിന്റേതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ പുരോഹിതനാക്കി പിതാവ് വെച്ചത് ആണയോടുകൂടിയാണെന്ന് എബ്രാ.7:28-ൽ നാം വായിക്കുന്നു.

എബ്രായലേഖനം വായിച്ചുപഠിച്ചാൽ നാം ആ വലിയ സത്യം അറിയുന്നു. ഇന്നത്തെ വിവിധ സഭകളുടെ പൗരോഹിത്യശൈലി വചനാനുസൃതമല്ല എന്നു മാത്രമല്ല ഇന്നത്തെ വിവിധ സഭകളുടെ പുണ്യവതീ-പുണ്യവാളന്മാരുടെ ആത്മീയ കലാപരിപാടികളും വചനരഹിതമാണെന്ന് മനസ്സിലാകും. യേശു ഇന്ന് പ്രവാചകനും (എബ്രാ.1:2) പുരോഹിതനും (എബ്രാ.5:6, 7:3, 7:11, 7:21, 8:4, 10:21, 2:17, 3:1, 4:14, 6:20, 7:26, 8:1, 9:11) നാളെ രാജാവുമാണ് (എബ്രാ.1:6) എബ്രാ.7:26 "ഇങ്ങനെയുള്ള മഹാപുരോഹിതനല്ലൊ നമുക്കുവേണ്ടിയത്; പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ" എന്ന് നാം വായിക്കുന്നു.

ആചാരപരമായ വീക്ഷണത്താൽ മാത്രമാണ് അഹരോൻ പവിത്രനായത്. എന്നാൽ യേശു ജന്മംകൊണ്ടും കർമ്മംകൊണ്ടും പവിത്രനും നിർമ്മലനും ആയിരുന്നു. യേശു നമ്മെ വ്യക്തിപരമായി എല്ലാവരെയും അറിയുന്നു, സ്നേഹിക്കുന്നു. തന്റെ പിതാവിന്റെ വിശുദ്ധിയുടെ അതേസ്വഭാവമുള്ളവനായിരുന്നു താൻ. ഒരു പുരോഹിതൻ പരമ യോഗ്യനായിരിക്കണം. യേശുവിനൊഴികെ മറ്റാർക്കും ഈ യോഗ്യതയില്ല. പഴയനിയമത്തിലെ പുരോഹിതൻ ദൈവത്തിനും മനുഷ്യനുമിടയ്ക്ക് മദ്ധ്യസ്ഥനായിരുന്നു. പുരോഹിതൻ മുഖാന്തരമാണ് അന്നത്തെ ജനം ദൈവത്തെ സമീപിച്ചിരുന്നത്. എന്നാൽ പുതിയനിയമത്തിൽ നിയമവും പുതിയതായി, പൗരോഹിത്യസംവിധാനവും പുതിയതായി, യാഗവും പുതിയതായി മദ്ധ്യസ്ഥനും പുതിയതായി. മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിരിക്കുന്ന കർത്താവായ യേശുക്രിസ്തുവത്രെ നമ്മുടെ മദ്ധ്യസ്ഥൻ. എബ്രാ.7:22 "ആണ കൂടാതെയല്ല, എന്നതിനൊത്തവണ്ണം വിശേഷമേറിയ നിയമത്തിനും യേശു ഉത്തരവാദിയായിത്തീർന്നിരിക്കുന്നു". അതായത് യേശുക്രിസ്തു മൽക്കിസെദേക്കിന്റെ ക്രമപ്രകാരം ഒരു പുരോഹിതനാകുന്നുവെന്ന് പിതാവിന്റെ ശപഥം ചെയ്യലിൽ, അവൻ പുതിയനിയമത്തിന് മുദ്രയിടുക യായിരുന്നു. സങ്കീ.110:4-ൽ "നീ മൽക്കിസെദേക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതനെന്ന് സത്യം ചെയ്തു, അനുതപിക്കുകയും ഇല്ല." ദൈവത്തിന്റെ ഒരു ആണയിടലാണ് യേശുക്രിസ്തുവിനെ പുരോഹിതനാക്കിയത്. ലേവ്യാ പുരോഹിതന്മാർ സ്ഥാനമേറ്റെടുത്ത പ്പോൾ ദൈവം അവർക്ക് ആണ നൽകിയിരുന്നില്ല.

യേശുക്രിസ്തുവാകുന്ന പുരോഹിതൻ പൗരോഹിത്യത്തിന് സമ്പൂർണ്ണയോഗ്യനായി ഇപ്പോൾ ജീവനോടെയിരിക്കുന്നതിനാൽ അപൂർണ്ണമായ യോഗ്യതകളോടെ മനുഷ്യപുരോഹിതന്മാർ പൗരോഹിത്യവേല ചെയ്യുന്നത് അനാവശ്യമാണ്. പഴയനിയമകാലത്തെ പൗരോഹിത്യവും മദ്ധ്യസ്ഥത വഹിക്കുന്ന അവസ്ഥയും പുതിയനിയമപ്രകാരമില്ല. ട്രെയിനിൽ ആദ്യം കൽക്കരിയും പിന്നെ ഡീസലുമാണ് ഇന്ധനമായി ഉപയോഗിച്ചിരുന്നതെങ്കിൽ വൈദ്യുതിയാണല്ലൊ പിന്നീട് ഉപയോഗി

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

ക്കപ്പെടുന്നത്. ഏതെങ്കിലും റെയിൽവേ ഉദ്യോഗസ്ഥന്മാരൊ ജനങ്ങളൊ ഇല്ട്രിക് ട്രെയിൽ വേണ്ട കൽക്കരി ട്രെയിൻ മതിയെന്ന് പറഞ്ഞ് പ്രശ്നമുണ്ടാക്കുമോ? പഴയനിയമകാലത്ത് അഹരോന്യപൗരോഹിത്യം ഉണ്ടായിരുന്നു സത്യം. പുതിയനിയമകാലത്ത് ഇല്ല; യഥാർത്ഥ സത്യം. അപ്പൊസ്തലന്മാരുടെ നേതൃത്വത്തിലുള്ള പൗരോഹിത്യശുശ്രൂഷ ആദിമസഭയിൽ ഇല്ലായിരുന്നു. അപ്പൊസ്തലന്മാർ സാധാരണ മനുഷ്യരേപ്പോലെ വീട് വീടാന്തരം യാത്ര ചെയ്ത് യേശുവിനെ പ്രഘോഷിച്ചിരുന്നു. പൗരോഹിത്യ ചർച്ചിലുള്ളതുപോലെയല്ല. ബൈബിളിലുള്ളതുപോലെ അപ്പം മുറിക്കൽ ശുശ്രൂഷ ചെയ്തിരുന്നു. രോഗികളെ സുഖപ്പെടുത്തിയിരുന്നു. പിശാചുക്കളെ ഓടിച്ചിരുന്നു. ജനത്തിന് വിടുതൽ നൽകിയിരുന്നു. അതായത്, ഏക നിത്യപുരോഹിതനായി സ്വർഗ്ഗത്തിലിരുന്ന് പൗരോഹിത്യ-മദ്ധ്യസ്ഥശുശ്രൂഷ ചെയ്യുന്ന യേശുവിന്റെ നാമത്തിൽ അപ്പൊസ്തലന്മാരും കൂട്ടുകാരും സഭാശുശ്രൂഷ ചെയ്തിരുന്നു. മൂവായിരത്തിൽ പരം പേരാണ് ഒന്നിച്ചു സ്നാനം സ്വീകരിച്ചത്.

ഇന്നും ഇങ്ങനെയാണ് എന്നെപ്പോലെയുള്ളവർ ശുശ്രൂഷ ചെയ്യുന്നത്. ഇതാണ് ബൈബിൾ വിഭാവനം ചെയ്യുന്നത്. പുരോഹിതനും മദ്ധ്യസ്ഥനും ദൈവപുത്രനും ഒരാളാണ്; യേശു. ദൈവം ത്രിത്വമാണ്. ആ ത്രിത്വത്തിൽ യേശുവത്രെ ലോകത്തിൽ വന്ന് നമ്മുടെ പാപവും ദു:ഖവും ക്യാൻസൽ ചെയ്തത്. ഈ യേശുവിൽ വിശ്വസിക്കുന്നവർക്കാണ് നിത്യരക്ഷ. പൗരോഹിത്യവിഭാഗം, 'മസ്സിൽ' പിടിക്കാതെ ഈ സത്യത്തിന്റെ പാതയിലേക്ക് വരുന്നതാണ് അവർക്കും അജഗണത്തിനും സ്വർഗ്ഗം കിട്ടാൻ വേണ്ടത്.

പുറ.20:4-ൽ ഒരു വിഗ്രഹവും ഉണ്ടാക്കരുത്, അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ അരുത് എന്ന് പ്രത്യേകമയി ദൈവം കല്പിക്കുവാനുള്ള കാരണം എന്താണെന്നോ? ദൈവം ആത്മാവാകയാൽ ആണ്, (യോഹ.4:24) മാത്രമല്ല ദൈവം സ്നേഹവുമാണ് (1 യോഹ.4:16). ആത്മാവും സ്നേഹവുമായ ദൈവം വചനം തന്നെയാണ് (യോഹ.1:1). ഈ ദൈവം അഗ്നിയുമാണ് (എബ്രാ.12:29). ഈ സത്യദൈവം മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമാണ് (1തിമൊ.6:15,16). ഈ കാര്യങ്ങളാലാണ് ദൈവത്തിന്റെ വിഗ്രഹം ഉണ്ടാക്കാൻ പാടില്ല എന്ന് ദൈവം കല്പിക്കുന്നത്. ഒരു മനുഷ്യനും അവന്റെ കണ്ണുകൊണ്ടും ഭാവനകൊണ്ടും കാണുവാനൊ മനസ്സിലാക്കാനൊ കഴിയാത്ത അദൃശ്യനായ ദൈവത്തിന്റെ വിഗ്രഹം അജ്ഞാനിയായ മനുഷ്യൻ ഉണ്ടാക്കുമെന്ന് അറിയാവുന്നതുകൊണ്ടാണ് പുറ20:4-ൽ "മുകളിൽ ആകാശത്തിലൊ താഴെ ഭൂമിയിലൊ ഭൂമിക്കടിയിലൊ ജലത്തിലൊ ഉള്ള യാതൊന്നിന്റെയും പ്രതിമയൊ സ്വരൂപമൊ നാം നിർമ്മിക്കുകയൊ വണങ്ങുകയൊ ചെയ്യരുതെന്ന്" ദൈവം കല്പിച്ചത്. ഇത് രണ്ടാം പ്രമാണമാണ്. പക്ഷെ കത്തോലിക്കാസഭ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ടിരിക്കുന്നതിനാൽ അത് പഠിപ്പിക്കുന്നേയില്ല. എന്നാൽ വിജാതീയമതങ്ങളും വിഗ്രഹാരാധന നടത്തുന്നതു പോലെ ക്രൈസ്തവരും അങ്ങനെ ചെയ്യുന്നെങ്കിൽ അവരുടെ ആരാധനയെ സ്വീകരിക്കുന്നത് പിശാചായിരിക്കും. "വിജാതീയർ ബലിയർപ്പിക്കുന്നത് പിശാചിനാണ്, ദൈവത്തിനല്ല" (1 കൊരി.10:20). "അന്യദേവന്മാരെ അനുഗമിക്കുന്നവർ തങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്നു" (സങ്കീ.16:4).

ചില ക്രൈസ്തവമതങ്ങൾ വിഗ്രഹത്തെ ഉണ്ടാക്കുമ്പോൾ അതിന് ഉപോദ്ബലകമായി, മോശെ പിച്ചളസർപ്പത്തെ ഉണ്ടാക്കി എന്നു തുടങ്ങിയ മുടന്തൻ ന്യായങ്ങൾ പറയാറുണ്ട്. മോശെ പിച്ചളസർപ്പത്തെ ഉണ്ടാക്കിയതും ജനം പിച്ചളസർപ്പത്തെ നോക്കി രക്ഷപ്പെട്ടതും ശരിയാണ്. പക്ഷേ അത് ക്രിസ്തുവിന്റെ ക്രൂശിതമരണമെന്ന രക്ഷാകരസംഭവത്തിന്റെ നിഴലാണ്. മാത്രമല്ല മോശെ ഉണ്ടാക്കിയ പിച്ചളസർപ്പത്തിന്റെ മുമ്പിൽ ഇസ്രയേൽമക്കൾ ധൂപാർച്ചന നടത്തിയതിനാൽ ഹിസ്ക്കിയാരാജാവ് അതിനെ തകർത്തുകളഞ്ഞു എന്ന് 2 രാജാ.18:4-ൽ നാം വായിക്കുന്നു.

(ശേഷം 14-ാം പേജിൽ)

# പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക
# ദേവസ്യാ മുല്ലക്കര സാർ
# 9495932106, 9946635111

## സമയം: രാവിലെ 6 മുതൽ 9 വരെ

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

### എറണാകുളം അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

### ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

### അയക്കേണ്ട വിലാസം:

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും.
NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

(12-ാം പേജിൽ നിന്നും തുടർച്ച)

സ്വരൂപവണക്കം വേശ്യാവൃത്തിക്ക് തുല്യമാണ് (യേശ.16:18). വിഗ്രഹങ്ങൾകൊണ്ടുള്ള പാപങ്ങൾക്ക് ശിക്ഷയുണ്ടാകും (യേശ.23:49) എന്ന വചനം പറയുന്നു.

വിഗ്രഹാരാധനയുൾപ്പെടെ ദൈവപ്രമാണങ്ങളുടെ വചനങ്ങളെ മറികടക്കുന്നതാണ് പാപം എന്നു പറയുന്നത്. മനുഷ്യൻ അനുഭവിക്കുന്ന എല്ലാ ദു:ഖങ്ങളുടെയും അടിസ്ഥാനകാരണം പാപമാണ്. മനുഷ്യന്റെയുള്ളിലെ ആത്മാവും മനസ്സും പുറമെ കാണുന്ന ശരീരവും പാപത്താൽ അസ്വസ്ഥമാണ്. ഉള്ളിൽ ദൈവവചനത്തെ ധിക്കരിക്കുന്ന പാപം എന്ന മഹാസർപ്പം വസിക്കുമ്പോഴാണ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാത്മകജീവിതത്തിലും പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്.

ഈ ബൈബിൾ സത്യം സ്കൂളിലും കോളേജിലും യൂണിവേഴ്സിറ്റിയിലും പഠിപ്പിക്കുന്നില്ല. മരണാനന്തര ജീവിതത്തിലെ നരകവും പ്രപഞ്ചജീവിതത്തിലെ ദു:ഖവും വ്യക്തിജീവിതത്തിലെ ടെൻഷനും രോഗങ്ങളുമൊക്കെ സംഭവിക്കുന്നത് എഴുതപ്പെട്ട ബൈബിളിലെ തിരുവചനത്തെ മനുഷ്യൻ ധിക്കരിച്ചുകൊണ്ട് പാപം ചെയ്ത് അതിനെ നിലനിർത്തുന്നതുകൊണ്ടാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നീ ഭൂമിയിലെ ആവശ്യങ്ങൾക്കുവേണ്ടിമാത്രമെ രാഷ്ട്രീയക്കാർക്കും വിദ്യാഭ്യാസപണ്ഡിതന്മാർക്കും വല്ലതുമൊക്കെ ചെയ്യാൻ കഴിയൂ. ആത്മാവിലുണ്ടാകുന്ന രക്ഷയെക്കുറിച്ച് വചനമായ യേശുവിന് മാത്രമെ ഉറപ്പായ രക്ഷ നൽകാൻ കഴിയൂ.

ഓക്സിജൻ, കാർബൺ, ഹൈഡ്രജൻ, നൈട്രജൻ മുതലായ മൂലകങ്ങൾ മണ്ണിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. മനുഷ്യശരീരത്തിലും ഇതെല്ലാമുണ്ട്. മനുഷ്യൻ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ടുവെന്നും മണ്ണിലേക്ക് മടങ്ങുമെന്നും പറയുന്ന ബൈബിൾഭാഗം എത്രയോ സത്യമാണ്. മനുഷ്യശരീരമാകുന്ന മൺകൂടാരം അമ്മയുടെ ഉദരത്തിൽ ജനിക്കുമ്പോൾ മനുഷ്യന്റെ ആത്മാവിനെ ദൈവം അവന്റെയുള്ളിൽ അയയ്ക്കുന്നുവെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ശരീരവും മനസ്സും ആത്മാവുമുള്ള മനുഷ്യന്റെ ആത്മാവിനെ ദൈവം കൂടുതൽ സ്വാധീനിക്കുമ്പോൾ പിശാച് നോട്ടമിടുന്നത് അവന്റെ ശരീരത്തെയാണ്. മാത്രമല്ല അവന്റെ മനസ്സിൽ പ്രശ്നങ്ങളുണ്ടാക്കിക്കൊടുക്കുകയും പിശാച് ചെയ്യും.

വചനവും സ്നേഹവും ആത്മാവും അദൃശ്യനും ആയ ദൈവത്തിന്, സ്വയം സമർപ്പിക്കുന്നവരാണ് ആത്മീയർ. ശരീരത്തെയും മനസ്സിനെയും ഈ ലോകചിന്തകളോട് ചേർത്ത് അറിഞ്ഞോ അറിയാതെയോ സാത്താന്റെ അധീശത്വത്തിന് വിട്ടുകൊടുത്തവരാണ് ഭൗതീകർ.

മതങ്ങളാകട്ടെ, ആത്മാവിൽ കത്തിപ്പടരുന്ന സകല ദു:ഖങ്ങൾക്കും കാരണമായ പാപത്തിന്റെ മോചനത്തിന് എന്താണ് പരിഹാരമെന്ന് ചിന്തിച്ച് ജനകോടികളുടെ ക്ഷേമത്തിനാണെന്ന് പറഞ്ഞുപരത്തിക്കൊണ്ട് പാരമ്പര്യം എന്ന പേരിലും അനുഷ്ഠാനങ്ങൾ എന്ന പേരിലും ചില സംഭവങ്ങൾ ചെയ്തുവെച്ച് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്. പാരമ്പര്യ ആചാരാനുഷ്ഠാനങ്ങൾ ആത്മാവിനെയും ഹൃദയത്തെയും സ്വാധീനിക്കുന്നില്ല.

ഭക്തിമാർഗ്ഗങ്ങളെല്ലാം തന്നെ മനസ്സിനെയും ശരീരത്തെയും മാത്രമെ സ്വാധീനിക്കുന്നുള്ളു. ആത്മാവിനെ ഒട്ടും സ്വാധീനിക്കുന്നില്ല. കർമ്മമാർഗ്ഗ ങ്ങളായ കൂദാശകൾക്കും പുണ്യവാന്മാരോടും പുണ്യവതി കളോടുമുള്ള ഭക്തികൾക്കും ജനനാനന്തരകർമ്മങ്ങൾക്കും മരണാനന്തരകർമ്മങ്ങൾക്കും മനുഷ്യന്റെ ആത്മാവിനെ സ്വാധീനിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് മതാചാരങ്ങളുടെയും മിത്തുകളുടെയും ലോകത്തുനിന്ന് വേദപുസ്തകത്തിലെ ദൈവത്തിലേക്ക് തിരിഞ്ഞാൽ അവിടെ രക്ഷകനായ ക്രിസ്തുവിനെ കണ്ടുമുട്ടുകയും പാപമോചനവും രോഗമോചനവും പിശാചിൽനിന്നുള്ള വിടുതലും ഏറ്റവുമൊടുവിൽ സ്വർഗ്ഗവും നമുക്ക് ലഭിക്കുക തന്നെ ചെയ്യുമെന്ന് എന്നേപ്പോലെയുള്ളവർ പറയുന്നത്.

പാപമോചനമാണ് ഇതിൽ അതിപ്രധാനം. ദൈവം

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

ക്രിസ്തുവിന്റെ രക്തത്തിലൂടെ നമ്മുടെ പാപം മോചിച്ചുതരുന്നു. ലൂക്ക.24:47-ൽ "അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സല ജാതികളിലും പ്രസംഗിക്കുകയും വേണ"മെന്ന് എഴുതിയിരിക്കുന്നു. അപ്പൊ.13:38-ൽ "ക്രിസ്തുയേശുമൂലം നിങ്ങളോട് പാപമോചനം അറിയിക്കുന്നു" എന്നു നാം വായിക്കുന്നു. മർക്കോ.2:10-ൽ "ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രനാണ് അധികാരം" എന്നു നാം വായിക്കുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനെ കണ്ടപ്പോൾ "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പറഞ്ഞു (യോഹ.1:29). യേശുവിന്റെ രക്തമാണ് നമ്മുടെ പാപങ്ങളെല്ലാം കഴുകിക്കളയുന്നത് (1 യോഹ.1:7). പാപത്തിൽനിന്നും വിടുതൽ കിട്ടുന്നത് യേശുക്രിസ്തുവിന്റെ ക്രൂശിത മരണത്തിലും ഉത്ഥാനത്തിലും വീണ്ടുംവരവിലും വിശ്വസിക്കുന്നവർക്കാണ്. ക്രിസ്തുവിന്റെ രക്തം വീണ്ടെടുക്കപ്പെട്ടവരെ നിരന്തരം കഴുകിക്കൊണ്ടേയിരിക്കുന്നു. ആ രക്തത്തിന്റെ ശക്തി ഒരുനാളും കുറയുന്നില്ല. ഏതൊരു നീചപാപിക്കും രക്ഷക്കയ്ക്കുള്ള സുവിശേഷ സത്യമാണിത്. യോഹ.14:6-ൽ യേശു പഠിപ്പിച്ചു "ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." യേശു പറഞ്ഞത് എന്റെ അമ്മയെയൊ പരുമലയെയൊ അൽഫോൻസായെയൊ നിങ്ങൾ കൂട്ടുപിടിച്ചാൽ ഞാൻ വഴി കാണിക്കാം എന്നല്ല. കൂദാശകൾ എന്ന കർമ്മങ്ങളാലൊ മണിയടിച്ച് വെടിപൊട്ടിച്ചുണ്ടാക്കുന്ന ഭക്തിമാർഗ്ഗത്തിലൊ നമുക്കൊരു വഴിയുണ്ടാക്കാൻ നോക്കാം എന്നുമല്ല പറഞ്ഞത്. മറ്റനേകം വഴികളുടെ കൂടെ ഞാനും ഒരു വഴിയാണ് എന്നുമല്ല. പാപങ്ങൾ നിമിത്തം ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ നിലച്ചുപോയാൽ മനുഷ്യന് ദൈവസന്നിധിയലേക്ക് മടങ്ങിവരാനുള്ള ഏക വഴി താനാണ് എന്നാണ് യേശു പഠിപ്പിച്ചത്. ഈ യേശുവിനോടുള്ള നമ്മുടെ ബന്ധം സത്യത്തോടുള്ള ബന്ധമാണ്. എല്ലാ സത്യാന്വേഷണങ്ങളും യേശുക്രിസ്തുവിൽ ചെന്ന് മുട്ടുമ്പോൾ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. യേശുക്രിസ്തു ജീവനാണ്. അവൻ നിത്യജീവന്റെ ഉറവിടമാണ്. അവനെ കൈക്കൊള്ളുന്നവന് നിത്യജീവൻ ലഭിക്കുന്നു. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവനും ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി" (യോഹ.1:12).

നാം ജീവൻ നിലനിർത്താൻ പ്രണവായു ശ്വസിക്കുന്നതുപോലെ ഉള്ളിലേക്ക് യേശുവിനെ വിളിച്ച് കയറ്റുമ്പോൾ ആ സാത്താന്യ രോഗത്തിൽനിന്നും ലോകമയത്വത്തിൽനിന്നും ശാപബന്ധനങ്ങളിൽനിന്നും രോഗത്തകർച്ചകളിൽ നിന്നും നമുക്ക് വിടുതലുണ്ടാകും എന്നാണ് മുകളിൽ യോഹ.1:12-ൽ പറഞ്ഞത്. യോഹ.1:16 അനുസരിച്ച് അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപയ്ക്കുമേൽ കൃപ ലഭിക്കുകതന്നെ ചെയ്യും. മോശെ മുഖാന്തരമാണ് നമുക്ക് ന്യായപ്രമാണം കിട്ടിയത്. പഴയനിയമപുസ്തകങ്ങളിലൂടെ ന്യായപ്രമാണം മാത്രമാണ് നമുക്ക് ലഭിച്ചത്. "കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു" (യോഹ.1:17). ന്യായപ്രമാണം കല്പിക്കുക മാത്രമേ ചെയ്തുള്ളു. പഴയനിയമത്തിലെ ന്യായപ്രമാണങ്ങൾ പാപത്തെ തുറന്നുകാട്ടി കുറ്റം മാത്രം വിധിക്കുന്നു. പുതിയനിയമമാകട്ടെ - യേശുക്രിസ്തുവാകട്ടെ പാപത്തെ ക്ഷമിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. കൊളൊ.2:16,17-ൽ "അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചൊ പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലൊ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരിക്കുന്നവയുടെ നിഴലത്രെ" എന്നെഴുതിയിരിക്കുന്നു. ഗലാ.3:11-ൽ "ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല" എന്ന് സ്പഷ്ടം എന്നു നാം വായിക്കുന്നു. കാരണം അതിന്റെ ചട്ടങ്ങൾ നമുക്കെതിരായിരുന്നു. അത് നിർദ്ദയനായ ഒരു യജമാനനു തുല്യമാണ്. എന്തെങ്കിലും ചെയ്താൽ തിരിച്ചുചെയ്യുന്ന ഒരു പ്രതികാരകനേപ്പോലെയാണ്

(ശേഷം 33-ാം പേജിൽ)



# യഥാർത്ഥ അഭിഷേകം

**പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം**

ആത്മലോകത്തിന് വളരെ സുപരിചിതമായ വാക്കാണ് അഭിഷേകം'. എണ്ണ ശരീരത്തിൽ പുരട്ടി പിടിപ്പിക്കുന്നതിനെയാണ് അഭിഷേകം ചെയ്യുക എന്ന വാക്കിലൂടെ നിഘണ്ടു അർത്ഥമാക്കുന്നത് (Anointing - to rub with oil). എന്നാൽ ആത്മീയാർത്ഥത്തിൽ ഒരു പ്രത്യേക ദൈവീക ഉദ്ദേശ്യത്തിനായി സമർപ്പിക്കപ്പെടുന്ന ശുശ്രൂഷയെയാണ് അഭിഷേകം ചെയ്യപ്പെടുക എന്നതുകൊണ്ടുദ്ദേശിക്കുന്നത്. യഹൂദരുടെയിടയിൽ അതിഥികളെ സ്വീകരിക്കുമ്പോൾ, ആതിഥേയർ അതിഥികളുടെ തലയിലും ശരീരത്തിലും എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്ന പതിവുണ്ടായിരുന്നു. ഇത് ഒരു ആതിഥ്യമര്യാദമാത്രം. എന്നാൽ, യഹോവയായ ദൈവം യിസ്രായേൽമക്കൾക്ക് രാജാക്കന്മാരെയും പുരോഹിതന്മാരെയും പ്രവാചകന്മാരെയും തിരെഞ്ഞെടുത്ത് നൽകുമ്പോൾ, ദൈവം തന്നെ നിയോഗിക്കുന്ന ആളുകളിലൂടെ വിശുദ്ധമായ അഭിഷേകതൈലം നിർമ്മിച്ചെടുത്ത് (പുറ.30:22-25) അവരുടെ തലയിൽ ഒഴിച്ച് അഭിഷേകം ചെയ്ത്, അവരവരുടെ പദവികളിൽ നിയോഗിക്കുമായിരുന്നു. ദാവീദിനെ (മൂന്നുവട്ടം) ഇപ്രകാരം അഭിഷേകം ചെയ്യുന്നതായി വേദപുസ്തകത്തിൽ നമുക്ക് കാണുവാൻ കഴിയും (1 ശമു.16:13, 2 ശമു.2:4, 2 ശമു.9:3).

പുതിയനിയമഭാഗത്ത്, രാജകീയ പുരോഹിതഗണമായ വിശ്വാസികളെയും മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി കടന്നുവന്ന കർത്താവായ യേശുക്രിസ്തുവിനെയും അഭിഷേകം ചെയ്തത് അഭിഷേകതൈലം കൊണ്ടല്ല, മറിച്ച് പരിശുദ്ധാത്മാവിനാൽ തന്നെയായിരുന്നു. പഴയനിമയത്തിലും പുതിയനിയമത്തിലും അഭിഷേകം ചെയ്യപ്പെട്ടവരെ, അപ്രകാരം ശക്തീകരിച്ചത് പരിശുദ്ധാത്മാവുതന്നെയാണ്. ദൈവം, താൻ തിരെഞ്ഞെടുത്ത് വിശുദ്ധീകരിച്ചവരെയാണ് തന്റെ പ്രത്യേ ഉദ്ദേശ്യങ്ങൾക്കായി വേർതിരിച്ച്, അവരെ അഭിഷേകം ചെയ്തിരുന്നത്. തൈലക്കൊമ്പിൽ നിന്ന് ദൈവീക അരുളപ്പാടുകൾക്കനുസരിച്ച് നിർമ്മിക്കപ്പെട്ട അഭിഷേകതൈലം ഒഴിച്ചപ്പോൾ സാധാരണക്കാരായ മനുഷ്യരെ അസാധാരണകാര്യങ്ങൾക്ക് ദൈവം പ്രാപ്തരാക്കിയതുപോലെ പുതിയനിയമത്തിൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ പകർന്ന് അസാധാരണ കാര്യങ്ങൾക്ക് അനേകരെ ഉപയോഗിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന വാഗ്ദത്ത മശിഹായെക്കുറിച്ചുള്ള (The Anointed one) പ്രവചനഭാഗമായ യെശ.61.1-3 ശ്രദ്ധിക്കുക. "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെ ഒക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനുപകരം അലങ്കാരമാലയും ദു:ഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു." യഹോവയായ ദൈവം തന്നെ അയച്ചതാണെന്നും താനാണ് വാഗ്ദത്തമിശിഹാ എന്നും തെളിയിക്കുവാൻ, യേശുക്രിസ്തു തന്റെ ഐഹിക ശുശ്രൂഷയുടെ പ്രഥമ പ്രസംഗം നസ്രത്തിലെ പള്ളിയിൽ നടത്തുമ്പോൾ, ഈ ഭാഗം വായിച്ച് വിളംബരം ചെയ്തു (ലൂക്ക.4:16-27). തന്നെക്കുറിച്ചുള്ള പ്രവചനം നിവൃത്തിയായതായി അന്ന് പ്രഖ്യാപിക്കപ്പെട്ടു. അപ്പൊ.10:38

# യഥാർത്ഥ അഭിഷേകം

## പാ.ടോമിച്ചൻ

വായിക്കുമ്പോൾ "നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോട് കൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നെ നിങ്ങൾ അറിയുന്നുവല്ലോ" എന്നു നാം കാണുന്നു.

ദൈവത്തിന്റെ സകല നീതിയും തന്നിൽ നിവർത്തിയാകേണ്ടതിന് യോർദ്ദാനിൽ സ്നാനമേറ്റ് പ്രാർത്ഥിക്കുമ്പോൾ (ലൂക്ക.3:21), (വെള്ളത്തിൽനിന്നും കയറുമ്പോൾ മത്താ.3:16) ദൈവാത്മാവ് പ്രാവെന്നപോൽ തന്റെ മേൽ ഇറങ്ങിവരുന്നത് കണ്ടു. സ്വർഗ്ഗത്തിന്റെ ശബ്ദം: "നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നതായിരുന്നു. സ്നേഹിതരെ, നമ്മുടെ തലയായ ക്രിസ്തുയേശു അഭിഷേകം ചെയ്യപ്പെട്ടത് പരിശുദ്ധാത്മാവിനാൽ ആയിരുന്നുവെങ്കിൽ നമ്മെയും അഭിഷേകം ചെയ്യപ്പെടേണ്ടത് മൂറോൻ തൈലത്താലൊ, തൈലക്കൂട്ടിനാലൊ, എണ്ണയാലൊ അല്ല പരിശുദ്ധാത്മാവിനാൽ തന്നെയാണ്. പുതിയനിയമ ശുശ്രൂഷകരിൽ പകരുവാനിരിക്കുന്ന അഭിഷേകം നാം ക്രിസ്തുവുമായി യഥാർത്ഥമായ ബന്ധമുണ്ടാകുമ്പോഴാണ് നമ്മിലേക്ക് വ്യാപരിക്കാൻ തുടങ്ങുക, താഴെ കൊടുത്തിരിക്കുന്ന വചനഭാഗങ്ങൾ ധ്യാനാത്മകമായി ചിന്തിച്ചാൽ നമുക്കിതിനെക്കുറിച്ച് കൂടുതൽ വ്യക്തത യുണ്ടാകും.

1. മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനഭാഗം തല തന്നെയാണ്. തല അഭിഷേകം ചെയ്യപ്പെട്ടാൽ ബാക്കികൂടെ ആ അഭിഷേകബന്ധത്തിലുള്ളതായിരിക്കും (സങ്കീ.133:1-3). "അത് വസ്ത്രത്തിന്റെ വിളുമ്പിലേക്ക് നീണ്ടുകിടക്കുന്ന താടിയിലേക്ക്, അഹരോന്റെ താടിയിലേക്ക്തന്നെ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹേർമ്മോന്യ മഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായ ജീവനും കല്പിച്ചിരിക്കുന്നത്." യേശുക്രിസ്തുവുമായി ശരിയായ ബന്ധമുള്ളവർക്കെല്ലാം നമ്മുടെ കർത്താവായ യേശുവിന്റെമേലുണ്ടായിരുന്ന ആ അഭിഷേകത്തിന്റെ പങ്ക് ലഭിക്കും. അവർ ജയജീവിതവും നയിക്കും. ഇനി വായിക്കുന്ന ഈ വചനങ്ങൾ ജാഗ്രതയോടെ ശ്രദ്ധിക്കുക.

a. 1 യോഹ.2:27 "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയാലും അത് ഭോഷ്ക്കല്ല സത്യംതന്നെ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ."

b. "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലൊ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു" (2 കൊരി.21:22).

c. 1 യോഹ.2:20 "നിങ്ങളൊ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു."

2.പുതിയനിയമ ശുശ്രൂഷകളുടെ ക്രമം പൗലൊസപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുക. "അവൻ (കർത്താവായ ക്രിസ്തുയേശു) ചിലരെ അപ്പൊസ്തല ന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു" (എഫേ.4:11). അതതു സ്ഥാനങ്ങളിൽ മനുഷ്യരല്ല നിയമിക്കേണ്ടത്, കർത്താവുതന്നെയാണ്. അപ്പൊസ്തലനായി ഒരുവനെ നിയോഗിക്കുമ്പോൾ ആ അസാധാരണകൃപ അദ്ദേഹത്തിന്റെമേൽ ദൈവം പരിശുദ്ധാത്മാവു വഴിയായി പകരുന്നു. പ്രവാചകനായി ഒരുവനെ ദൈവം നിയോഗിക്കുമ്പോൾ ദൈവത്തിന്റെ ആലോചന പ്രാപിച്ച് ജനത്തിന് നൽകുവാൻ അയാൾ ദൈവത്താൽ പ്രാപ്തനാകുന്നു. അതതു ശുശ്രൂഷകളുടെ വരം ദൈവം തന്നെ നൽകുന്നു. ഇത് ലഭിച്ചവരാണ് അതതു ശുശ്രൂഷകൾ ഏൽക്കേണ്ടത്. ഒരാൾക്ക് തന്നെ ഏല്പിച്ച നിയോഗം ഭാരമായി അനുഭവപ്പെടുന്നുവെങ്കിൽ അതിന്റെ അർത്ഥം അദ്ദേഹം ആ ശുശ്രൂഷയ്ക്ക്

# യഥാർത്ഥ അഭിഷേകം

## പാ.ടോമിച്ചൻ

പരിശുദ്ധാത്മാവിനാൽ തിരെഞ്ഞെടുക്കപ്പെട്ടവനല്ല എന്നാണ്.

3. ഓരോ പുതിയനിയമവിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നത് അസാധാരണമായ, (എന്നാൽ വിശ്വസിക്കുന്നവർക്കെല്ലാം സാധ്യം മർക്കോ.9:23) മനുഷ്യരാൽ അസാധ്യമായതെന്ന് കരുതുന്ന വിഷയങ്ങളിൽ അത്ഭുതങ്ങൾ ചെയ്യുവാനാണ്. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; അവർ പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മാരകമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല; രോഗികളുടെമേൽ കൈ വെച്ചാൽ സൗഖ്യം വരും എന്നു പറഞ്ഞു" (മർക്കോ.16:17-18). ക്രിസ്തീയജീവിതം എന്താണെന്ന് അത് ആരംഭിക്കുമ്പോൾ തന്നെ അറിഞ്ഞിരിക്കണം. ക്രിസ്തു നടന്ന വഴിയിലൂടെ നടന്ന് യേശുക്രിസ്തു ചെയ്തവയും അതിനെക്കാൾ വലിയവയും ചെയ്യാൻവേണ്ടി വിളിക്കപ്പെട്ട ഒന്നാണത് (1 യോഹ.2:6, യോഹ.14:12). അപ്പോൾതന്നെ അവർ ക്രിസ്തുയേശുവിന്റെ ജീവിക്കുന്ന സാക്ഷികളാണ് (അപ്പൊ.1:8). യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന് തെളിയിച്ചുകൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ് ഓരോ ക്രിസ്ത്യാനിയും. അത് അങ്ങനെ ചെയ്യപ്പെടുന്നില്ല എങ്കിൽ അവർ ക്രിസ്തുവിനുള്ളവരല്ല. കാരണം ക്രിസ്തുവിന്റെ ആത്മാവ് അവരിൽ ഇല്ല എന്നതു തന്നെ. "നിങ്ങളൊ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോമ.8:9). ദൈവസഭയുടെ വളർച്ചയും നിലനിൽപ്പും ആധാരപ്പെട്ടിരിക്കുന്നത് യൂണിവേഴ്സിറ്റി ഡിഗ്രികളിലൊ, സെമിനാരി - ബൈബിൾ കോളേജ് പഠനങ്ങളിലൊ, സാമ്പത്തിക - അഡ്മിനിസ്ട്രേഷൻ കൂട്ടുകെട്ടുകളിലൊ അല്ല പരിശുദ്ധാത്മാഭിഷേകത്തിൽ തന്നെയാണ്. ആദ്യ നൂറ്റാണ്ടിലെ സഭാ വളർച്ച പഠിച്ചാൽ അവരുടെ പിൻബലം ആത്മാഭിഷേകവും ശക്തിയും മാത്രം ആയിരുന്നുവെന്ന് കാണാം. മുകളിൽ പറയപ്പെട്ടവയെല്ലാം നല്ലതാണ്, വിശുദ്ധീകരിക്കപ്പെട്ട നിലയിൽ, അവ ഉപയോഗിക്കപ്പെട്ടാൽ.

3. അഭിഷേകം നമുക്ക് ലഭിക്കുന്നത് പരിശുദ്ധാത്മാവു മുഖേനയാണ്. പരിശുദ്ധാത്മനിറവും പരിശുദ്ധാത്മ അഭിഷേകവും തമ്മിൽ വ്യത്യാസമുണ്ട്. ചില വചനഭാഗങ്ങൾ ശ്രദ്ധിക്കുക.

1. ലൂക്കോ.1:13,15 "ദൂതൻ അവനോട് പറഞ്ഞത് : സെഖര്യാവെ, നീ ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്കുത്തരമായി: നിന്റെ ഭാര്യ എലിശബേത്ത് നിനക്കൊരു മകനെ പ്രസവിക്കും; അവന് യോഹന്നാൻ എന്ന് പേരിടേണം........ അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും; വീഞ്ഞും മദ്യവും കുടിക്കുകയില്ല; അമ്മയുടെ ഗർഭത്തിൽവെച്ചുതന്നെ പരിശുദ്ധാത്മാവു കൊണ്ടുനിറയും."

2. ലൂക്കോ.1:41 "മറിയയുടെ വന്ദനം കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി; എലിശബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി......."

3. ലൂക്കോ.1:67 "അവന്റെ അപ്പനായ സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പ്രവചിച്ചുപറഞ്ഞത്".

4. ലൂക്കോ.4:1 "യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി യോർദ്ദാൻ വിട്ട് മടങ്ങി; ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി; പിശാച് അവനെ നാല്പത് ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു."

5. ലൂക്കോ.4:14 "യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയ്ക്ക് മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിലൊക്കെയും പരന്നു."

ആത്മനിറവ് എന്നാൽ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുക എന്നാണ് അർത്ഥമാക്കപ്പെടുന്നത്. എഫേ.5:18 "വീഞ്ഞ് കുടിച്ച് മത്തരാകരുത്; അതിനാൽ ദുർനടപ്പുണ്ടാകുമല്ലൊ" വീഞ്ഞ് കുടിക്കുന്ന ആൾ, പിന്നീടയാളെ, വീഞ്ഞ് നിയന്ത്രിക്കുന്നു. ആർക്ക്, എന്തെങ്കിലും ലഹരിയായി മാറിയാൽ അത് അയാളെ നിയന്ത്രിക്കുവാൻ തുടങ്ങുന്നു.

# യഥാർത്ഥ അഭിഷേകം

പാ.ടോമിച്ചൻ

പരിശുദ്ധാത്മാവിനാൽ നിറയുവാനുള്ള ദാഹമുള്ളയാളെ ആത്മാവ് നിയന്ത്രിക്കുന്നു. യെഹസ്ക്കേൽ പ്രവചിച്ചതുപോലെ എത്രമാത്രം ഈ ജീവജലനദിയിൽ ഇറങ്ങുവാൻ തയ്യാറാകുമൊ ആ തോതിനനുസരിച്ചു നിറയ്ക്കുവാൻ നദി റെഡി! ആത്മാവ് തയ്യാറ്! "അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരെ വെള്ളത്തിന് വരുവിൻ; വന്ന് വാങ്ങിതിന്നുവിൻ; നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ" (യെശ.55:1-3). യേശുക്രിസ്തുവും ആത്മാവിനാൽ നിറയപ്പെട്ടപ്പോൾ അഭിഷേകത്തിന്റെ രണ്ടാംമണ്ഡലമായ 'ശക്തി'ക്കായി മരുഭൂമിയിലെ പരീക്ഷകൾക്കായി തന്നെത്തന്നെ വിട്ടുകൊടുക്കുന്നു.

പരിശുദ്ധാത്മാഭിഷേകം എന്ന് നാം വിളിക്കുന്നതും പരിശുദ്ധാത്മാവിനാൽ സംഭവിക്കുന്നത് തന്നെ. എന്നാൽ ചില വ്യക്തികളെ പ്രത്യേക ഉദ്ദേശ്യത്തോടെ ഉപയോഗിക്കുവാൻ പരിശുദ്ധാത്മാവ് അവരുടെമേൽ വരുന്നതാണിത്. പുതിയ നിയമത്തിൽ എല്ലാ വിശ്വാസികളുടെയുംമേൽ ഈ പരിശുദ്ധാത്മാഭിഷേകം ഉണ്ട് (1 യോഹ.2:20,27). യോവേൽ പ്രവാചകനിലൂടെ ഉണ്ടായ പ്രവചനം നോക്കുക: "അതിന്റെ ശേഷമൊ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ. യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും'' (യോവേ.2:28-29). ഒരുവന്റെമേൽ പരിശുദ്ധാത്മാവ് വരുന്നതിനെ നമുക്ക് അഭിഷേകം എന്നു വിളിക്കാം. അകത്തെ സാന്നിധ്യം നമ്മിൽ ഫലം സൃഷ്ടിക്കും. "ആത്മാവിന്റെ ഫലമൊ : സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ത, സൗമ്യത, ഇന്ദ്രിയജയം'' (ഗലാ.5:22-23). ആത്മാവിന്റെ ഫലങ്ങളല്ല, ഇവിടെ പ്രതിപാദ്യവിഷയമായിരിക്കുന്നത്. ഫലം എന്നാണ്. ഇതിലേതെങ്കിലും ഒറ്റയ്ക്കുള്ളവയല്ല എന്ന് അർത്ഥം. 'ഫലം' (Fruit) ഉണ്ടെങ്കിൽ ഇവ ഒൻപതും ഉണ്ട്. എന്നാൽ പരിശുദ്ധാത്മാവ് ഒരുവന്റെ മേൽ വന്നാൽ ഫലമല്ല കൃപാവരമാണ് ലഭിക്കുന്നത്. (Gifts or grace gifts = double grace) ചില കഥകളിൽ നാം വായിച്ചിട്ടുണ്ടാകാം ചിലർ തപസ്സ് ചെയ്ത് ദൈവം പ്രത്യക്ഷനാകുന്നു, വരം ചോദിക്കുന്നു എന്നാൽ ഇവിടെ കൃപാവരം എന്നുദ്ദേശിക്കുന്നത് തികച്ചും സൗജന്യമായി ദൈവം ചിലർക്ക് നൽകുന്ന ഒന്നാണ്. 1 കൊരി.12:4-8 "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിന് നൽകപ്പെടുന്നു."

ഈ കാലഘട്ടത്തിൽ അഭിഷേകത്തെ സ്നേഹിയ്ക്കുകയും വിലമതിയ്ക്കുകയും ചെയ്യുന്ന ഒരു തലമുറയെ സർവ്വശക്തനായ ദൈവം ഒരുക്കിയിട്ടുണ്ട്. ഒരുവൻ അഭിഷേകം ചെയ്യപ്പെട്ടാൽ ദൈവത്തിന് ആ വ്യക്തി സ്വന്തമാകുന്നു. ഇനി സ്വന്തം കാര്യങ്ങളെക്കാൾ ദൈവീക കാര്യങ്ങൾക്കാണ് പ്രാധാന്യത ഉണ്ടാവുക. 30-ാമത്തെ വയസ്സുവരെ തന്റെ വളർത്തുപിതാവിന് കീഴ്പ്പെട്ടിരുന്നുവെങ്കിലും കർത്താവായ യേശുക്രിസ്തു ആത്മാഭിഷേകം വന്നതിനുശേഷം തന്റെ സ്വർഗ്ഗീയ പിതാവിന്റെ ദൗത്യനിർവ്വഹണത്തിനുവേണ്ടി ഇറങ്ങി വരുന്നത് കാണാം. അഭിഷേകം നുകങ്ങളെ തകർക്കും (യെശ.10:27). അഭിഷേകം അനേകരുടെ നുകങ്ങളെ തകർക്കുവാൻ യേശുക്രിസ്തുവിൽ ഇടവന്നതുപോലെ, നാമും അഭിഷേകം ചെയ്യപ്പെട്ടാൽ മാത്രമെ അനേകരുടെ നുകങ്ങളെ തകർക്കുവാൻ ശക്തമാവുകയുള്ളു. എന്തൊക്കെയാണ് നുകങ്ങൾ എന്ന് തിരുവെഴുത്തിൽ നിന്നു കാണാം: തകർന്ന ഹൃദയം, തടവിലാക്കപ്പെട്ടവർ (ആത്മീയ അടിമത്തം), ബദ്ധന്മാർ (യെശ.61:1-2) ഇവരൊക്കെ പല പല നുകങ്ങൾ ചുമക്കുന്നവരാണ്. ആത്മീയാന്ധത ബാധിച്ച ജനങ്ങൾക്ക് വിടുതൽ

# യഥാർത്ഥ അഭിഷേകം

പാ.ടോമിച്ചൻ

നൽകണമെങ്കിൽ നാം ആത്മാഭിഷേകം പ്രാപിച്ച് ഇറങ്ങി വരണം.

അഭിഷേകത്തെക്കുറിച്ച് പല തെറ്റിദ്ധാരണകളും വിശ്വാസികളുടെയിടയിൽ നിലനിൽക്കുന്നതിന്റെ പ്രധാന കാരണം ശരിയായ അഭിഷേകം എന്താണ് എന്ന് കാണിക്കുന്ന ഒരു ശുശ്രൂഷാനിരയുടെ അഭാവമാണ്. അതിനാൽ തന്നെ അപ്രകാരം ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ നാം തന്നെയും ജാഗ്രത പാലിക്കണം. ചർച്ച് ഓഫ് ഇറ്റേണിറ്റി അനുകരണീയമായ മാതൃക കാണിക്കുവാൻ മാത്രം സമ്പുഷ്ടമായ ഒരു അഭിഷേകനേതൃത്വമുള്ള സഭയാണ്. ആത്മശക്തിയും പരിശുദ്ധാത്മാഭിഷേകവും നമുക്ക് ലഭിക്കണമെങ്കിൽ ശക്തമായ ഒരു ദാഹം നമ്മളിൽ ജനിക്കണം. കർത്താവായ യേശുക്രിസ്തു പറയുന്ന വചനം കേൾക്കുക. "ദാഹിക്കുന്നവനെല്ലാം എന്റെയടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചുപറഞ്ഞു" (യോഹ.7:37-38).

യേശുക്രിസ്തുവിന്റെ വരവിനെ നോക്കിപ്പാർത്തിരിക്കുന്ന നാം ആത്മാക്കളെ നേടുന്ന കാര്യത്തിൽ വളരെ ജാഗ്രതയോടെ നീങ്ങുകയാണ്. അതിനാൽത്തന്നെ നമ്മുടെമേൽ ഈ ആത്മാഭിഷേകം നൽകുവാൻ വില കൊടുത്ത കർത്താവ് ആഗ്രഹിക്കുന്നത് നാം അതിനായി വില നൽകുവാനും ലഭിക്കുന്ന അഭിഷേകം നിലനിർത്തുവാനും ശ്രമിക്കണം എന്നാണ്. പരിശുദ്ധാത്മാവ് നമ്മുടെ രക്ഷയ്ക്കായി നല്കപ്പെട്ട ദൈവീകമുദ്രയാണ്. "തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (എഫേ.1:14). പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നമ്മെ ആത്മാഭിഷേകത്തിനായി ദാഹം നൽകുന്നു. പരിശുദ്ധാത്മാവിനെ നമ്മിൽ തന്ന ദൈവം എന്നേക്കും നമ്മോടുകൂടെയിരുന്ന് ആത്മീകസത്യങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരും. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ.14:26).

ദൈവത്തിന്റെ ആത്മാവ് സത്യത്തിന്റെ ആത്മാവാണ് (യോഹ.14:16). സത്യവാനായ വ്യക്തിയിൽ പരിശുദ്ധാത്മാവ് വസിക്കും. ദൈവത്തിന്റെ ആത്മാവ് പരിശുദ്ധിയുടെ ആത്മാവാണ്. വിശുദ്ധിയുള്ളിടത്തേ ഈ പരിശുദ്ധാത്മാവ് അധിവസിക്കൂ. പരിശുദ്ധാത്മാവ് തീ പോലെ താൻ വസിക്കുന്നവരെ അഗ്നിസമാനമായ ചൈതന്യത്തോടെയും ജ്വലനത്തോടെയും വഴി നടത്തും. ''ആത്മാവിനെ കെടുക്കരുത്'' (1 തെസ്സ.5:19). മനുഷ്യമനസ്സിന്റെ എല്ലാ ശൂന്യതകളും നിറയ്ക്കേണ്ടത് പരിശുദ്ധാത്മാവിനാലാണ്. എഫേ.5:18-21 "ആത്മാവ് നിറഞ്ഞവനായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുംവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ."

ഉയിർത്തെഴുന്നേറ്റ ശേഷം തന്റെ ശിഷ്യന്മാരെ സുവിശേഷദൗത്യവുമായി പറഞ്ഞയയ്ക്കുമ്പോൾ അവർക്ക് അതിനായുള്ള ശക്തി ലഭിച്ചത് പരിശുദ്ധാത്മാവ് അവരുടെമേൽ വന്നതിനാലായിരുന്നു. "എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും. നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്ന് അവരോട് പറഞ്ഞു'' (ലൂക്ക.24:49). "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരൂശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്ന് പറഞ്ഞു" (അപ്പൊ.1:8). ശക്തി ലഭിക്കാതെ ശിഷ്യന്മാർക്ക് പോകുവാൻ കഴിയുമായിരുന്നില്ല. എന്നാൽ ശക്തി ലഭിച്ചപ്പോൾ അവർ ആളു

# യഥാർത്ഥ അഭിഷേകം

## പാ.ടോമിച്ചൻ

മാറിയതുപോലെയായി. അവരിലെ പദവികൾക്കായുള്ള ആഗ്രഹവും ഭീരുത്വവും അജ്ഞതയും പൂർണ്ണമായും മാറിപ്പോയി. പൗലൊസ് പറയുന്നത് കേൾക്കു. "എങ്കിലും ഈ അത്യന്തശക്തി (സ്വന്തകഴിവുകളല്ല, dunamis) ഞങ്ങളുടെ സ്വന്തമെന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിലാകുന്നു ഉള്ളത്" (2 കൊരി.4:7).

പരിശുദ്ധാത്മാവ് നമ്മുടെ മേൽ വന്നാൽ, ആത്മീക ശുശ്രൂഷകൾക്കുശേഷം ക്ഷീണം തോന്നിയാലും വീണ്ടും ആവേശത്തോടെയും അധികാരത്തോടെയും ഒരു പുതുചൈതന്യം തന്ന് നമ്മെ അവിടുന്ന് ഉപയോഗിക്കും. ഏത് പ്രതികൂലവും നമ്മുടെ മുമ്പിൽ വന്നാലും സധൈര്യം മുമ്പോട്ടുപോകുവാൻ നമ്മെ അവിടുന്ന് പ്രാപ്തരാക്കും. പ്രശ്നങ്ങൾ വരുമ്പോൾ അഭിഷേകമുള്ളവർ പ്രാർത്ഥനയാൽ അവയെ തരണം ചെയ്യുവാൻ തയ്യാറാകും. അതിനാൽ "മനുഷ്യരിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലതെന്ന്" (സങ്കീ.118:8) അവർക്കു മനസ്സിലാകും. ആത്മീക യുദ്ധക്കളത്തിലാണ് തങ്ങളെന്നും ഈ പോരാട്ടം ജഡിക ആയുധങ്ങളാൽ ജയിക്കാൻ കഴിയുകയില്ലെന്നും ആത്മീക ആയുധങ്ങൾ വളരെ ശക്തമായവയാണെന്നും ദൈവാത്മാവ് പഠിപ്പിക്കും. (എഫേ.6:10-19). നാം പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിക്കണം എന്ന പാഠം കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചതാണ്. മത്താ.10:16. ഒരു നികൃഷ്ട ജീവിയായ പാമ്പിൽ നിന്ന് നാം പഠിക്കേണ്ടതെന്താണ്? പാമ്പ് തന്റെ ശത്രുക്കളിൽ നിന്നും രക്ഷ നേടുവാൻ തല ഉയർത്തിപ്പിടിച്ചാണ് യാത്ര ചെയ്യുക. തനിക്കെല്ലാം കാണുവാൻ കഴിയും. ആത്മീയ അർത്ഥത്തിൽ നാം നമ്മുടെ തലയെ, ക്രിസ്തുവിനെ ഉയർത്തിയാൽ വരാനുള്ള അപകടങ്ങളെ നമുക്ക് കാണിച്ചുതരികയും നമ്മെ രക്ഷിക്കുവാനുള്ള നിർദ്ദേശങ്ങൾ പറഞ്ഞു തരികയും ചെയ്യും. തലയായ ക്രിസ്തുവിനെ തകർക്കുവാൻ പൈശാചികന് കഴിയില്ല. എന്നാൽ ക്രിസ്തുവിനെ ഉയർത്താത്തിടത്തെല്ലാം മനുഷ്യജീവിതത്തിൽ അപകടങ്ങൾ പതിയിരിക്കുന്നു. അഭിഷേകം നൽകപ്പെടുന്നത് എന്തിനൊക്കെ വേണ്ടിയാണെന്ന് നമുക്ക് ചിന്തിക്കാം:- (യെശ.61:1-3)

a. എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ
b. സൗഖ്യമാക്കുവാനും വീണ്ടെടുക്കുവാനും
c. ഹൃദയം തകർന്നവരെ മുറി കെട്ടുവാൻ
d. ബദ്ധന്മാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ
e. കുരുട്ടുകണ്ണുകളെ തുറക്കുവാൻ
f. ജനത്തെ അടിമത്തങ്ങളിൽ നിന്നും സ്വതന്ത്രമാക്കുവാൻ
g. ദൈവസ്നേഹത്തെക്കുറിച്ചുള്ള വെളിപാടുകൾ പഠിപ്പിക്കുവാൻ
h. ദൈവജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുവാൻ

അഭിഷേകം നമ്മെ ക്രിസ്തുവിൽ തികഞ്ഞവരാക്കുവാൻ ഇടവരുത്തുമ്പോൾ ദൈവം നമ്മിലൂടെ സംസാരിക്കും, ദൈവം നമ്മിലൂടെ പ്രവർത്തിക്കും, ദൈവേഷ്ടം നമ്മിലൂടെ വെളിപ്പെടുത്തും. എഫേസ്യ ലേഖനത്തിൽ പൗലൊസ് എഴുതുന്നു "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു''. ഇതിനോട് ചേർന്ന് നമുക്ക് മറ്റൊരു വാക്യവുംകൂടെ വായിക്കാം "ആകയാൽ യേശു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നെ അവനെന്നും ഞാൻ സ്വന്തമായിട്ട് ഒന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചുതന്നതുപോലെ ഇത് സംസാരിക്കുന്നു എന്നും അറിയും. എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്; ഞാൻ എല്ലായ്പ്പോഴും അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു" (യോഹ.8:28,29). ഒരുവൻ അഭിഷേകം ചെയ്യപ്പെട്ടാൽ ജീവിതവിശുദ്ധിയും വേർപാടും കാത്തുസൂക്ഷിക്കുവാൻ ഇട വന്നാൽ ദൈവകരങ്ങളിലെ ശക്തമായ ഉപകരണങ്ങളാകുവാൻ പിന്നെ താമസമില്ല.

വീണ്ടും ജനിച്ച, അബ്ബാപിതാവെ എന്ന്

# യഥാർത്ഥ അഭിഷേകം

പാ.ടോമിച്ചൻ

വിളിക്കുവാൻ അധികാരം ലഭിച്ച ദൈവമക്കളെയാണ് പരിശുദ്ധാത്മാവ് അഭിഷേകം ചെയ്യുക (മത്താ.7:21-23). "എന്നോട് കർത്താവെ, കർത്താവെ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവെ, കർത്താവെ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും; ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെവിട്ട് പോകുവിൻ എന്ന് തീർത്തു പറയും.'' നമ്മുടെ ജീവിതം ശരിയായ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു എന്നതിന്റെ തെളിവ് നമ്മുടെ വീണ്ടുംജനനാനുഭവത്തിലൂടെ ഉണ്ടായ (ആത്മസ്നാനം) അഭിഷേകജീവിതമായിരിക്കണം.

നമുക്കു ചുറ്റും അനേകം മനുഷ്യമക്കൾ നിലവിളിക്കുന്നുണ്ട്. അവരുടെ രോദനം കേട്ടില്ലെന്ന് വെയ്ക്കാൻ നമുക്കു കഴിയുമോ? അവർക്കാവശ്യം കേവലം പണമൊ മാനുഷികസഹായമോ അല്ല; മദ്യം, മയക്കുമരുന്ന്, പാപം, രോഗം, പൈശാചികം എന്നിവയുടെ അടിമകളായി കഴിയുന്ന ഇവരെ രക്ഷിക്കുവാൻ ഈ ലോകത്തിലെ മാറിമാറി വരുന്ന ഗവൺമെന്റുകൾക്കൊ ജീവകാരുണ്യ പ്രവർത്തകർക്കോ കഴിയുകയില്ല. അവരെ ഈ സാഹചര്യങ്ങളിൽ നിന്നും പുറത്തുകൊണ്ടുവരുവാനും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കുവാനും നമുക്ക് ഉണർന്ന് പ്രവർത്തിക്കാം. പക്ഷെ നമുക്കതിൽ പൂർണ്ണജയം പ്രാപിക്കണമെങ്കിൽ നാം അഭിഷേകം പ്രാപിക്കണം. നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തതും പിശാചുബാധിതരെയെല്ലാം സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചതുമായ വിവരം നിങ്ങൾ തന്നെ അറിയുന്നുവല്ലൊ (അപ്പൊ.10:38,39).

ഇന്നും അനേകർ തിരുവെഴുത്തുകൾ പരിശോധിക്കുകയും പഠിപ്പിക്കുകയും അവയിൽ നിത്യജീവൻ ഉണ്ടെന്ന് വിശ്വസിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. പക്ഷെ ആത്മീയമണ്ഡലത്തിൽ പലരും വിരസതയുടെ ഒരു ലോകം സൃഷ്ടിക്കുന്നുമുണ്ട്. യേശുക്രിസ്തുവിന്റെ സുവിശേഷസപര്യ ആർക്കും വിരസതയുളവാക്കിയില്ല. ഇന്നനേകർ അക്ഷരത്തിന്റെ വിരുന്നൊരുക്കുവാൻ വിരുതുള്ളവർ ആത്മീയ ലോകത്തുണ്ട്. പക്ഷേ ആത്മമണ്ഡലത്തിൽ ജനത്തിന്റെ പ്രശ്നങ്ങൾ അതുപോലെ തുടരുന്നു. ഇവിടെ യഥാർത്ഥത്തിൽ ഒരു വിപ്ലവാത്മകമായ തിരിച്ചുവരവ് ആവശ്യമായിരിക്കുന്നു. 1-ാം നൂറ്റാണ്ടിൽ ഏതാനും ദൈവഭക്തരിലൂടെ ദൈവം ഭൂലോകത്തിന്റെ ചരിത്രം മാറ്റിമറിച്ചു. അഞ്ച് ഭൂഖണ്ഡങ്ങളെ ശക്തമായി ആദ്യത്തെ 70 വർഷങ്ങൾക്കുള്ളിൽ ക്രിസ്ത്യാനിത്വത്തിലേക്ക് നയിച്ച, അതേ ദൈവീക അഭിഷേകം ഇന്നും ലഭ്യമാണ്. ഒരു നദി അതിന്റെ ആരംഭത്തിലാണോ അവസാനത്തിലാണോ അധികമായ ഒഴുക്കുണ്ടാകേണ്ടത്. ശരിയായ ഒഴുക്കുണ്ടായാൽ അഴുക്കുകളെല്ലാം അപ്രത്യക്ഷമാകും. കമ്മറ്റി മീറ്റിംഗുകളേക്കാൾ, സിനഡുകളേക്കാൾ, ഇതര ആലോചനായോഗങ്ങളേക്കാൾ നമുക്കാവശ്യം പട്ടണങ്ങളെ ചലിപ്പിക്കുവാൻ കഴിയുന്ന പ്രാർത്ഥനാ വീരന്മാരെയും അഭിഷിക്തന്മാരേയുമാണ്. മൂന്നരവർഷം രഹസ്യത്തിൽ പ്രാർത്ഥിച്ച് മുപ്പത് വർഷം പരസ്യ ശുശ്രൂഷ ചെയ്യുകയല്ല യേശുക്രിസ്തു ചെയ്തത്, മുപ്പത് വർഷം രഹസ്യജീവിതത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിനെ പ്രസാദിപ്പിച്ചവൻ മൂന്നര വർഷത്തെ ശുശ്രൂഷയ്ക്കുവേണ്ടി ഇറങ്ങിവരികയാണ്. 1260 ദിവസത്തെ തന്റെ ശുശ്രൂഷ യ്ക്കിടയിലും നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് കഴിവുള്ളിടത്തോളം സമയം പ്രാർത്ഥനാജീവിതത്തിനായി മാറ്റിനിർത്തി.

പുതിയനിയമ ശുശ്രൂഷകന്മാരെന്ന നിലയിൽ നമ്മുടെ ദൗത്യം നിറവേറ്റേണ്ടത് muscle power, man power, money power എന്നിവയാലല്ല, പരിശുദ്ധാത്മ

# യഥാർത്ഥ അഭിഷേകം

**പാ.ടോമിച്ചൻ**

ശക്തിയാലത്രെ. യേശുക്രിസ്തുവിന്റെ ശുശ്രൂഷ വിരസത ഉളവാക്കുന്നതല്ല എന്നു പറയുവാൻ കാരണം അവിടുന്ന് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടതു കൊണ്ടാണ്. അഭിഷേകം അധികാരമാണ്. അഭിഷേകം ചെയ്യപ്പെട്ടിടത്ത് അധികാരം വെളിപ്പെട്ടിരിക്കും. നാമും അവിടുത്തേപ്പോലെ അഭിഷേകം ചെയ്യപ്പെട്ടാൽ (= അസാധാരണമായ വീര്യപ്രവൃത്തികൾക്കായി പരിശുദ്ധനാൽ ശക്തിപ്പെടുകയും അധികാരപ്പെടുത്തപ്പെടുകയും ചെയ്താൽ) നമ്മുടെ ശുശ്രൂഷകളും വിരസത ഉളവാക്കില്ല. ആത്മാക്കളും രക്ഷയിലേക്ക് നയിക്കപ്പെടും. എമ്മാവൂസിലേക്ക് പോയ ശിഷ്യനോട് യേശു സംസാരിച്ചപ്പോൾ "ഹൃദയം ഉള്ളിൽ കത്തിക്കൊണ്ടിരുന്നു" (ലൂക്ക.24:32). മനുഷ്യഹൃദയങ്ങൾ കത്തണം. അഭിഷിക്തരിലൂടെ. "തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടുതാങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരേപ്പോലെ കേൾക്കേണ്ടതിന് അവൻ എന്റെ ചെവി ഉണർത്തുന്നു (യെശ.50:4).

അപ്പൊ.പ്ര.1:1 പറയുന്നു; "ഒന്നാമത്തെ ചരിത്രം (ലൂക്കാ സുവിശേഷം) യേശു ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച് ആയിരുന്നുവല്ലോ." അപ്പൊസ്തലപ്രവൃത്തികൾ തന്റെ ആത്മീയ ശരീരമായ സഭയിലൂടെ (= അപ്പൊസ്തലന്മാരിലൂടെ) ചെയ്തവയാണ്. യേശുക്രിസ്തുവിന്റെ സഭയെന്ന നിലയിൽ ഈ ദൗത്യം നമ്മിൽ എത്തിനിൽക്കുന്നു. നാം എന്തുചെയ്യണം? ദർശനം പ്രാപിച്ച ഒരു ആത്മീയനേതൃത്വം നമ്മെ ഭരിക്കുന്നു. അനേകരെ ക്രിസ്തുയേശുവിൽ ലഭിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്ന അഭിഷേകത്തിലേക്ക് നമ്മെ നയിക്കാം, പ്രാർത്ഥിക്കാം, കാത്തിരിക്കാം, ശക്തിധരിക്കാം. ദൈവം നമ്മെ ഓരോരുത്തരെയും അതിനായി ബലപ്പെടുത്തട്ടെ, അനുഗ്രഹിക്കട്ടെ!

ദൈവത്തിന് പ്രസാദം വരുമാറ് ഭയത്തോടും ഭക്തിയോടും സേവ ചെയ്ക." ഈ പ്രപഞ്ചവ്യവസ്ഥിതിക്ക് മാറ്റം വരും. എന്നാൽ നിലനിൽക്കുന്ന ഒരു നിത്യരാജ്യമാണ് ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. ഒരിക്കലും



# ഇളകുന്ന ഭൂമിയും ഇളകാത്ത രാജ്യവും



പാ:രാജു എബ്രഹാം, ചർച്ച് ഓഫ് ഇറ്റേണിറ്റി പിറവം

ഞാൻ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളർന്നെങ്കിലും ദൈവത്തെ അറിയുവാൻ ശ്രമിച്ചില്ല. യുക്തിവാദവും വിപ്ലവചിന്തകളുമായി നടന്നപ്പോൾ ദൈവം ഉണ്ട് എന്നുപോലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ എന്റെ ജീവിതം വലിയ തകർച്ചയെ നേരിടുകയായിരുന്നു. ജീവിതം തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോൾ ബന്ധുക്കളും ഞാൻ സ്നേഹിച്ചവരുമെല്ലാം അകന്നുപോയി. സഹായിക്കുമെന്ന് ഞാൻ പ്രതീക്ഷ വെച്ച കേന്ദ്രങ്ങളും എന്നെ കൈവിട്ടപ്പോൾ ഞാൻ ജീവിതത്തിൽ തികച്ചും ഒറ്റപ്പെട്ടുപോയി. അങ്ങനെയിരിക്കുമ്പോൾ രാവിലെ 5.30-ന് സൂര്യാ ടിവിയിൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രസംഗങ്ങൾ കേൾക്കുവാനിടയായി. അത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഞാനൊരു പാപിയാണെന്നും ഞാനിപ്പോൾ സഞ്ചരിക്കു ന്ന വഴി പാപവഴിയാണെന്നും എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ച, മരിച്ചിട്ടുയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് മനസ്സിലാക്കുവാനും അത് യേശുക്രിസ്തു വാണെന്നും ആ ദൈവത്തോട് പാപങ്ങളേറ്റ് പറഞ്ഞാൽ എത്ര വലിയ പാപവും ക്ഷമിച്ച് തരുമെന്ന സത്യം ഗ്രഹിക്കുവാനും ദൈവം എന്നെ സഹായിച്ചു. സങ്കീ.32:5-ൽ ദാവീദ് പ്രാർത്ഥിച്ചതുപോലെ ഞാനും പ്രാർത്ഥിച്ചു. "ഞാൻ എന്റെ പാപം നിന്നോട് അറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു." എന്റെ ജീവിതത്തിലെ ഒരു നാഴികക്കല്ലായിരുന്നു അത്. ബൈബിൾ പറയുന്നതുപോലെ സകല ബുദ്ധിയെയും കവിയുന്ന ദൈവീകസമാധാനം എന്റെ ഹൃദയത്തിൽ നിറയുവാൻ തുടങ്ങി. എന്റെ ജീവിതത്തെ അത് മാറ്റിമറിച്ചു. മാത്രമല്ല സത്യവേദപുസ്തകം വായിക്കുവാനും ധ്യാനിക്കുവാനുമുള്ള വലിയ ഒരു ഉൾപ്രേരണ എന്റെയുള്ളിൽ ദൈവം തന്നു. ഞാൻ അന്നുവരെ അറിഞ്ഞിട്ടില്ലാത്ത പല ആത്മീകസത്യങ്ങളെയും ദൈവം എനിക്ക് വെളിപ്പെടുത്തിത്തന്നു. വചനത്തിലൂടെ എനിക്കു കിട്ടിയ ഒരു ചെറിയ ചിന്ത ഇവിടെ നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു.

"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുമെന്നും എന്റെ വചനങ്ങളൊ ഒഴിഞ്ഞുപോകയില്ല" (മത്താ.24:35). എന്നും ബൈബിൾ ആവർത്തിച്ചുപറയുന്ന ഒരു സത്യമാണ്. അങ്ങനെയെങ്കിൽ നമുക്ക് ഈ ഭൂമിയിൽ ഒരു സുരക്ഷിതസങ്കേതമുണ്ടോ? അടിസ്ഥാനങ്ങളെത്രതന്നെ സ്ഥിരമാക്കിയാലും അവ നിൽക്കുന്ന ഭൂമി തന്നെ ഇളകിപ്പോകുന്ന സ്ഥിതി വന്നാൽ പിന്നെ എന്തുചെയ്യും? ഇളകിയാടുന്ന ഈ ക്ഷണികഭൂമിയിൽ ഹൃദയം വെയ്ക്കാതെ ഒരുനാളും ഇളകിപ്പോകാത്ത ദൈവരാജ്യത്തിനായി ജീവിക്കുന്നതിന്റെ ആവശ്യം ഈ പശ്ചാത്തലത്തിലാണ് ഏറ്റവം പ്രസക്തമായിരിക്കുന്നത്.

അടിക്കടിയുണ്ടാകുന്ന ഭൂമികുലുക്കങ്ങൾ ഓഖി പോലെയുള്ള ചുഴലിക്കാറ്റുകൾ നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു സത്യമുണ്ട്. നാം കാലൂന്നി നിൽക്കുന്ന ഈ ഭൂമിയുടെ അടിസ്ഥാനങ്ങൾ ബലഹീനമാണ്. അത് ഏത് സമയത്തും ഇളകിയാടുവാൻ സാധ്യതയുണ്ട്. നാം വളരെ പണിപ്പെട്ട് പണിതുയർത്തുന്ന സൗധങ്ങൾ നിലനിൽക്കുന്നുണ്ടെ ങ്കിൽ അത് ഭാഗ്യംകൊണ്ടുമാത്രമാണ്. നാം ഈ ഭൂമിയിൽ വിശ്വാസമർപ്പിച്ചിട്ട് കാര്യമില്ല. കാലിനുകീഴിലെ ഭൂമി ഒഴുകിമാറിയാൽ നമുക്ക് എന്താണിവിടെ പ്രതീക്ഷിക്കാനുള്ളത്?

എബ്രാ.12:26-29 തിരുവചനങ്ങൾ നമുക്കു തരുന്ന സന്ദേശം ഇതുതന്നെയാണ്. "അവന്റെ ശബ്ദം അന്നു ഭൂമിയെ ഇളക്കി, ഇപ്പൊഴോ ഞാൻ ഇനി ഒരിയ്ക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കുമെന്ന് അവൻ വാഗ്ദത്തം ചെയ്തു. ഇനി ഒരിയ്ക്കൽ എന്നത്, ഇളക്കമില്ലാത്തത് നിലനിൽക്കേണ്ടതിന്, നിർമ്മിതമായ ഇളക്കമുള്ളതിന് മാറ്റം വരും എന്നു സൂചിപ്പിക്കുന്നു. ആകയാൽ ഇളകാത്ത രാജ്യം

# ഇളകുന്ന ഭൂമിയും ഇളകാത്ത രാജ്യവും

പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദമാകുമാറ് ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലൊ." ഈ വേദഭാഗം മൂന്ന് പ്രധാന വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നു. ഒന്ന് ഈ ഭൂമി ശാശ്വതമല്ല. അത് ഇളകിമാറും. രണ്ട് ഒരിക്കലും ഇളക്കം വരാത്ത, ശാശ്വതമായ ഒരു രാജ്യം നമുക്കായി ദൈവം ഒരുക്കിയിരിക്കുന്നു. മൂന്ന്. അതുകൊണ്ട് ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യണം. ദൈവരാജ്യ ത്തിലെ വേലക്കാരാകാൻ ഉത്സാഹിക്കണം.

ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകുകയാണ്. ആഗോളതാപനം, ഓസോൺ പാളികളിൽ വിള്ളലു ണ്ടാകുന്നു, കൊടും ചൂട്, കൊടുംശൈത്യം, ജലപ്രളയം, മേഘമഴ, ചുഴലിക്കാറ്റ്, ഭൂമികുലുക്കം എന്നിങ്ങനെ ഭൂമിയെ നാശത്തിലേക്ക് നയിക്കുന്ന വ്യാധികൾ ഒട്ടനവധിയാണ്. അതിന് പുറമെ ഏത് സമയത്തും പൊട്ടിത്തെറിച്ച് നിമിഷങ്ങൾകൊണ്ട് ഈ ഭൂമിയെ തീക്കടലാക്കിമാറ്റുവാൻ മതിയായ മനുഷ്യനിർമ്മിതമായ നിരവധി ആയുധ പ്പുരകൾ വേറെയും. ഇന്ന് ലോകരാജ്യങ്ങളിൽ നടക്കുന്ന സംഭവങ്ങളും രാജ്യത്തലവന്മാരുടെ വെല്ലുവിളി കളുമൊക്കെ കേൾക്കുമ്പോൾ ഏതു സമയത്തും അത് സംഭവിക്കാം എന്ന അവസ്ഥയാണ്.

ഭൂമിക്ക് വരുവാനിരിക്കുന്ന ആത്യന്തികമായ വിനാശത്തിന്റെ സൂചനകൾ മാത്രമാണിതെല്ലാം എന്ന് ദൈവവചനം പറയുന്നു. ''ഞാൻ ആകാശത്തെയും ഭൂമിയെയും ഇളക്കും" എന്ന ദൈവവചനം അപ്പൊസ്തല നായ പൗലൊസ് എബ്രായലേഖനത്തിൽ ഉദ്ധരിക്കുന്നു. ഹഗ്ഗായി പ്രവാചകന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പു കളാണ്, (ഹഗ്ഗാ.2:6–7, 2:21–23) ഈ ആകാശവും ഭൂമിയും എന്നേക്കുമായി മാറിപ്പോകുമെന്നത്. ദൈവത്തിന്റെ ന്യായവിധിയെയാണ് ഇവിടെ പ്രവാചകൻ മുന്നറിയിപ്പു തരുന്നത്.

ബൈബിളിന്റെ വീക്ഷണത്തിൽ മനുഷ്യന്റെ ധാർമ്മിക അധ:പതനമാണ് ഭൗതീകലോകത്തിന്റെ സന്തുലിതാവസ്ഥയുടെ തകർച്ചയ്ക്ക് കാരണം. ഉല്പ.3:17–ൽ ആദാമിന്റെ പാപത്തിന്റെ ഫലമായി ഭൂമിയിൽ വന്ന വിനാശത്തെപ്പറ്റി നാം വായിക്കുന്നു. "നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു.'' പാപത്തിന്റെ ശമ്പളം മരണമാകുന്നതുപോലെ പാപശാപം പേറുന്ന ഈ ഭൂമിയും നാശയോഗ്യമാണ്. പാപശാപം വരുത്തുന്ന ഭൂമിയുടെ ആത്യന്തികനാശത്തെപ്പറ്റി പത്രൊസും പറയുന്നുണ്ട്. 2 പത്രൊ.3:10 "കർത്താവിന്റെ ദിവസമൊ കള്ളനേപ്പോലെ വരും; അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥ ങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകുകയും ചെയ്യും." ഭൂമിയെ ആവരണണം ചെയ്തിരിക്കുന്ന അന്തരീക്ഷമാണ് ആകാശം. അതിൽ വെള്ളം നീരാവിയായി നിലകൊ ള്ളുന്നു. ജലം രണ്ട് വാതകങ്ങളാൽ നിർമ്മിച്ചതാണ്. രണ്ട് ഭാഗം ഹൈഡ്രജനും ഒരു ഭാഗം ഓക്സിജനും ($H_2O$). പ്രകൃതിശക്തികളുടെ പ്രത്യേക സംഘർഷംമൂലം ഈ വാതകങ്ങൾ ജലത്തിൽ നിന്ന് വിഘടിക്കുമ്പോൾ വളരെ വേഗം തീയായി മാറും. അത്യുഗ്രമായ പൊട്ടിത്തെറി യുണ്ടാകും. അപ്പോൾ ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. അത്യുഗ്രമായ ചൂടാൽ മൂലപദാർത്ഥ ങ്ങൾ വെന്തുരുകും. 1945–ൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ഇട്ട ആറ്റംബോംബ് സകലത്തെയും ചുട്ട് പുകയാക്കിയപ്പോൾ, മൂലപദാർത്ഥങ്ങൾ കത്തിയെ രിയും എന്ന് 2000 വർഷംമുമ്പ് പരിശുദ്ധാത്മാവിലൂടെ പത്രൊസ് പറഞ്ഞ വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിയായി. ഇനി സകല മൂലകങ്ങളും കത്തിയഴിയുമെന്ന് താൻ പറഞ്ഞ നാളുകൾ വളരെ അടുത്തായിരിക്കുന്നു. ചരിത്രമതിന്റെ പരിസമാപ്തിയിലേക്ക് അതിവേഗം ഓടിയടുത്തുകൊണ്ടിരിക്കുന്നു. ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്ന ഓരോ പ്രകൃതിദുരന്തവും ആസന്നമായ സർവ്വനാശത്തിന്റെ മുന്നറിയിപ്പാണ്.

ഇന്നല്ലെങ്കിൽ നാളെ നമുക്ക് കൈവിട്ടു പോകാനുള്ള താൽക്കാലികമായ ഈ ഭൂമിയിൽ നിക്ഷേപങ്ങൾ കുന്നുകൂട്ടുവാൻ മനുഷ്യൻ നടത്തുന്ന പരാക്രമങ്ങൾ കാണുമ്പോൾ ആ അദ്ധ്വാനത്തിന്റെ നിരർത്ഥങ്ങൾ നാം മനസ്സിലാക്കുന്നില്ല. ആസന്ന ഭാവിയിൽ തകർന്നുപോകാനി രിക്കുന്ന ഭൗതീക സമ്പാദ്യങ്ങൾ സ്വരുക്കൂട്ടുന്നതിലെ ബുദ്ധിശൂന്യതയെ നാം മനസ്സിലാക്കാതെ പോകരുത്. ജീവിക്കാനായി നാം ജനിക്കുന്നു. മരിക്കാനായി നാം ജീവിക്കുന്നു. മനുഷ്യന്റെ സകല ഭൗതീകനേട്ടങ്ങളും തകർന്നുപോകാനുള്ള ചീട്ടുകൊട്ടാരങ്ങൾ മാത്രമാണെന്ന

(ശേഷം 28–ാം പേജിൽ)



# ദർശനമുള്ള മനുഷ്യൻ

പാ: ബേബിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി പറവൂർ

ദർശനമുള്ള മനുഷ്യൻ വീണുപോകയില്ല. ബുദ്ധിയല്ല ലോകമല്ല പിശാചുമല്ല അവനെ നടത്തുന്നത്, ആത്മാവത്രെ. ഇങ്ങനെയുള്ളവൻ മറ്റെന്തിനേക്കാളും അധികമായി ദൈവത്തെ അനുസരിക്കും. ദൈവം മനുഷ്യരോട് ഇടപെടുവാൻ ദൈവം തന്നെയായ ദൈവത്തിന്റെ വചനത്തിലൂടെയും (എഴുതപ്പെട്ട വചനം) അതാത് സമയങ്ങളിൽ ആത്മാവുനേരിട്ടും തന്റെ പ്രവാചകന്മാരിലൂടെയും അപ്പൊസ്തലന്മാരിലൂടെയും സുവിശേഷകരിലൂടെയും എന്നിങ്ങനെ തനിക്ക് ഇഷ്ടമുള്ളതുപോലെ ആത്മാവു സംസാരിക്കും ആമോ.3:7-ൽ യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ലെന്നും സദൃശ.1:23-ൽ "എന്റെ ശാസനയ്ക്ക് തിരിഞ്ഞുകൊൾവിൻ; ഞാൻ എന്റെ മനസ്സ് നിങ്ങൾക്ക് പൊഴിച്ചുതരും; എന്റെ വചനങ്ങൾ നിങ്ങളെ അറിയിക്കും" എന്നും എഴുതിയിരിക്കുന്നു. ദർശനങ്ങളൊ പ്രവചനങ്ങളൊ വെളിപാടുകളൊ എഴുതപ്പെട്ട വചനങ്ങൾക്കെതിരാവുകയില്ല. കാരണം ആത്മാവ് ഒന്നല്ലൊ.

ദൈവത്തിങ്കൽനിന്നുള്ള ദർശനങ്ങൾക്ക് മാറ്റം വരികയില്ലെന്നാണ് ഹബ.2:3-ൽ നാം കാണുന്നത് "ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു; അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിനായി കാത്തിരിക്ക; അത് വരും നിശ്ചയം, താമസിക്കുകയുമില്ല". ജോസഫിന്റെ ജീവിതത്തിൽ തനിക്കുണ്ടായ സ്വപ്നം (ഉല്പ.37:7) "നമ്മൾ വയലിൽ കറ്റ കെട്ടിക്കൊണ്ടിരുന്നു; അപ്പോൾ എന്റെ കറ്റ എഴുന്നേറ്റ് നിവർന്നുനിന്നു; നിങ്ങളുടെ കറ്റകൾ ചുറ്റും നിന്നു എന്റെ കറ്റയെ നമസ്ക്കരിച്ചു." ഇതു നിമിത്തം അവന്റെ സഹോദരന്മാർ അവനോന് കോപിച്ചു പൊട്ടക്കിണറ്റിലിട്ടു. അവന്റെ വിശ്വസ്തത നിമിത്തം പൊത്തിഫറിന്റെ വീട്ടിൽ നിന്നും അവനെ കാരാഗൃഹത്തിലടച്ചു. അവന്റെ ജീവിതത്തിൽ അനേകം പ്രതികൂലങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും ആദ്യത്തെ ദർശനത്തിൽ അവൻ വിശ്വസ്തനായി ഉറച്ചുനിന്നുകൊണ്ട് മറ്റൊരു സ്പ്നത്തിന്റെ വ്യാഖ്യാനത്തിലൂടെ ജോസഫ് ഫറവോന്റെ രാജ്യത്ത് വലിയ അധികാരവും നന്മകളുമൊക്കെ അനുഭവിക്കാ നിടയായി. സ്പ്നങ്ങളെയും ദർശനങ്ങളെയും വിശ്വാസത്തോടും വിശ്വസ്തതയോടും കാത്തിരിക്കുന്നവൻ നിശ്ചയമായി അത് പ്രാപിക്കും.

ദർശനങ്ങളൊ പ്രവചനങ്ങളൊ വിശുദ്ധവെളിപ്പാടുകളൊന്നും ദൈവവചനത്തിന് എതിരായിരിക്കുകയില്ല. കാരണം ആത്മാവ് ഒന്നല്ലൊ. അതുകൊണ്ട് ഹോശയാ 4:6 ഇങ്ങനെ പറയുന്നു "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു". എന്നാൽ പരിജ്ഞാനമൊ ഉയരത്തിൽ നിന്നുള്ള ആത്മാവ് വന്നിട്ടല്ലാതെ എങ്ങനെയുണ്ടാകും. പ്രവാചകൻ യേശയ്യാ 11:2-ൽ പറയുന്നു "യഹോവയുടെ ആത്മാവ് ആവസിക്കുമ്പോൾ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ് ആലോചനയുടെയും ബലത്തിന്റെയും ആത്മാവ് പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവുതന്നെ".

വിശ്വാസമോ വിശ്വാസത്തിന്റെ അനുസരണമൊ ഇല്ലാത്ത മനുഷ്യർക്ക് ഇതെങ്ങനെ പിടികിട്ടാനാണ്. റോമ.10:17-ൽ പറയുന്നതുപോലെ "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" യേശ.53:3-ൽ എഴുതിയിരിക്കുന്നതുപോല യേശു മനുഷ്യരാൽ നിന്ദിക്കപ്പെട്ടതും ത്യജിക്കപ്പെട്ടതും വ്യസനപാത്രമായതും രോഗം ശീലിച്ചവനേപ്പോലെ ആയതും മറ്റുള്ളവർ മുഖം മറയ്ക്കത്തക്കവണ്ണം നിന്ദിതനായതും നമുക്കുവേണ്ടിയെന്ന് വിശ്വസിച്ചാൽ രക്ഷ. സാക്ഷാൽ നമ്മുടെ രോഗങ്ങളെയാണ് അവൻ വഹിച്ചത്. നമ്മുടെ വേദനകളെയാണ് അവൻ ചുമന്നത്. നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെമേലായി. യഹോവ നമ്മുടെ അകൃത്യങ്ങളെല്ലാം അവന്റെമേൽ ചുമത്തി. അവൻ നമുക്കുപകരം ഇതെല്ലാം സഹിച്ചതുകൊണ്ട് നാം സ്വതന്ത്രരായിരിക്കുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തെ നിരന്തരം അനുഗ്രഹിക്കുവാനും രൂപാന്തരപ്പെടുത്തുവാനും

# ദർശനമുള്ള മനുഷ്യൻ

എപ്പോഴും കർത്താവായ യേശുവിനെ നോക്കിനിൽക്കുന്ന ഈ കാഴ്ചയാണ് ലൂക്ക.15:20–ൽ വരുമ്പോൾ “അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നുതന്നെ അപ്പൻ അവനെ കണ്ടു. മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവന്റെ കഴുത്ത് കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു.

ഇങ്ങനെ മടങ്ങിച്ചെല്ലുവാൻ മനസ്സുള്ള എല്ലാവരെയും കർത്താവായ യേശു തന്റെ പിതാവും ആത്മാവുംകൂടി കൂടുന്ന കൂട്ടായ്മയിലേക്ക് കൂട്ടിച്ചേർക്കും. യോഹ.14:23 യേശു അവരോട് “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. ഏന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും”. അതിന് നമുക്ക് വിശ്വാസത്തിൽ നിന്നുളവാകുന്ന ഒരു സാക്ഷ്യമുള്ള ജീവിതമാണാവശ്യം. റോമ.12:1,2–ൽ കാണുന്നതുപോലെ “സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നു; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ.”ഇങ്ങനെ തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരാളും നശിച്ചുപോകയില്ല (യോഹ.3:16).

നമ്മെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പ്ലാനും പദ്ധതിയുമുണ്ടായിരുന്നു. ഉല്പ.1:26–ൽ “അനന്തരം ദൈവം, നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവൻ സമുദ്രത്തിലുള്ള മത്സ്യത്തിന്റെമേലും ആകാശത്തിലെ പറവജാതിയിന്മേലും മൃഗങ്ങളിൻമേലും സർവ്വഭൂമിയിന്മേലും ഭൂമിയിലിഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ, എന്ന് കല്പിച്ചു.” എന്നാൽ മനുഷ്യൻ തന്റെ അനുസരണക്കേട് നിമിത്തം ഇവയെയെല്ലാം ഭയപ്പെട്ട് ഉയരത്തിൽ നിന്നുള്ള ശക്തിയെ (അധികാരത്തെ) മനസ്സിലാക്കാതെ അലഞ്ഞ് വലഞ്ഞ് ജീവിക്കുന്നു.

അതുകൊണ്ട് പത്രൊസ് പറയുന്നതുപോലെ അപ്പൊ.2:38 “നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും.”ഈ ദാനം ലഭിച്ചാലൊ, പ്രവാചകൻ യെഹസ്ക്കേൽ നേരത്തെ പറഞ്ഞിട്ടുള്ളതു പോലെ 36:26 “ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം തരും.” ഇപ്പോഴത്തെ പാപവും രോഗവും ജഡത്തിന്റെ എല്ലാ വ്യാപാരവുമുള്ള ഹൃദയം മാറ്റി, സഹജീവികളോട് അനുകമ്പയില്ലാത്ത ദൈവഭയമില്ലാത്ത ഈ കല്ലായുള്ള ഹൃദയം നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസളമായ പുതിയൊരു ഹൃദയം തരുമെന്നും പുതിയൊരു ആത്മാവിനെ തരുമെന്നും ഇപ്പോഴത്തെ, സാത്താന്റെ നിയന്ത്രണത്തിലുള്ളത് മാറ്റി പുത്രന്റെ നാമത്തിൽ പിതാവിൽനിന്നു പുറപ്പെടുന്ന ഈ സത്യാത്മാവിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലും സകലതും ഭരമേല്പിച്ച് ക്രിസ്തുവിൽ മറഞ്ഞിരിപ്പിൻ.



# ഇളകുന്ന ഭൂമിയും ഇളകാത്ത രാജ്യവും

(25-ാം പേജിൽ നിന്നും തുടർച്ച)

തിരിച്ചറിവ് നമുക്ക് ശാശ്വതമായതിനെ അന്വേഷിക്കുവാൻ പ്രേരണ നൽകുന്നു. പലപ്പോഴും നാം ആഗ്രഹിച്ചതൊക്കെ നേടിക്കഴിയുമ്പോൾ ആയിരിക്കും കളിക്കളം വിടാനുള്ള പ്ലാക്കാർഡ് നമുക്കുനേരെ ഉയരുന്നത്. പിന്നെ എത്ര പരിശ്രമിച്ചാലും അതനുഭവിക്കാൻ വേണ്ടി ഇവിടെ പിടിച്ചു നിൽക്കാൻ കഴിയില്ല. ലോകത്തിന്റെ ഏതു നേട്ടവും നിലനിർത്താൻ കഴിയാത്ത നശ്വരതകൾ മാത്രമാണെന്ന തിരിച്ചറിവാണ് അനശ്വരമായതിനെ അന്വേഷിക്കുവാൻ നമുക്ക് സുബോധം തരുന്നത്.

''ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭയത്തോടും ഭക്തിയോടും സേവ ചെയ്ക.'' ഈ പ്രപഞ്ചവ്യവസ്ഥിതിക്ക് മാറ്റം വരും. എന്നാൽ നിലനിൽക്കുന്ന ഒരു നിത്യരാജ്യമാണ് ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. ഒരിക്കലും സൗഖ്യം പ്രാപിക്കാൻ കഴിയാത്ത വിധത്തിൽ ഈ ഭൗമപ്രപഞ്ചത്തിന് ജീർണ്ണത സംഭവിക്കുന്നു എന്നത് സത്യമാണ്. അല്പം മാത്രമായ ചില ചെറുത്തുനിൽപ്പുകൾ നടത്താമെന്നല്ലാതെ ഭൂമിക്ക് വരുവാനിരിക്കുന്ന ഭയാനകമായ വിപത്തുകളെ പ്രതിരോധിക്കാനുള്ള വിദ്യകളൊന്നും മനുഷ്യന്റെ കൈവശമില്ല.

പാപത്തിന്റെ വഞ്ചന മനസ്സിലാക്കി മാനസാന്തര പ്പെട്ട് ദൈവവഴിയിലേക്ക് തിരിയുന്നവർക്കായി ദൈവം ഒരുക്കുന്ന രക്ഷയാണ് നീതി വസിക്കുന്ന ദൈവരാജ്യം. "നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ട് കാത്തിരിക്കുന്നു" (2 പത്രൊ.3:3). ദൈവം സ്ഥാപിക്കുന്ന നിത്യരാജ്യത്തെ സംബന്ധിക്കുന്ന പ്രതീക്ഷാനിർഭരമായ വാഗ്ദാനങ്ങൾ ബൈബിളിലുടനീളം ഉണ്ട്.

പഴയനിയമപ്രവാചകന്മാരെല്ലാം തന്നെ വരുവാനുള്ള നിത്യരാജ്യത്തിനായി കാത്തിരിക്കാനാണ് ഇസ്രായേലിനെ ആഹ്വാനം ചെയ്തത്. യെശ.32:1-ൽ "ഒരു രാജാവ് നീതിയോടെ വാഴും" എന്നു പറഞ്ഞിരിക്കുന്നു. അനീതിയും അസമത്വവും അഴിമതിയും സ്വജനപക്ഷ വാദവുമെല്ലാം വാഴുന്ന ഈ ലോകത്ത് വാഴുവാനുള്ള നീതിയുള്ള രാജാവ് ക്രിസ്തുവാണെന്നാണ് വേദ പണ്ഡിതന്മാരുടെ അഭിപ്രായം. യെശ.32-ൽ പറഞ്ഞിരി ക്കുന്ന കാര്യങ്ങളെല്ലാം ഭാവിയിൽ ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചക്കാലത്ത് നടക്കുന്ന സംഭവവികാസ ങ്ങളാണെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. ഭൂമിയിലെ സാമ്രാജ്യത്വങ്ങൾക്ക് അവസാനം വരുമ്പോൾ, എന്നേക്കും നിലനിൽക്കുന്ന ആ ദൈവീകരാജ്യം സ്ഥാപിക്ക പ്പെടുമെന്ന് ദാനിയേൽ പ്രവാചകനും പറഞ്ഞിരിക്കുന്നു (ദാനി.7:13-14). ലോകത്തെ നീതിയിലും ദൈവീകമായ ഐശ്വര്യസമൃദ്ധിയിലും ഭരിക്കുന്ന ആ രാജാവ് ലോകത്തിൽ അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തു തന്നെയാണെന്ന് പുതിയനിയമവും വ്യക്തമാക്കുന്നു. വെളി.21:1-5 "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞു പോയി............ ഇനി മരണം ഉണ്ടാവുകയില്ല............ഇതാ ഞാൻ സകലവും പുതിയതാക്കുന്നു." വിശ്വസിക്കുന്ന വരുടെ പാപങ്ങൾക്ക് പരിഹാരം വരുത്തിയശേഷം പിതാവിന്റെ വലത്തുഭാഗത്ത് സിംഹാസനസ്ഥ നായിരിക്കുന്ന യേശുക്രിസ്തു ഭൂമിയിൽ അവിടുത്തെ നിത്യരാജ്യം സ്ഥാപിക്കുന്ന ആ ശുഭദിനത്തെപ്പറ്റിയാണ് യോഹന്നാൻ വെളിപാടിൽ ദർശിച്ചത്. പുതിയ യെരുശലേം എന്ന ആശയം യോഹന്നാന് മാത്രമല്ല വെളിപ്പെട്ടത്. പൗലൊസിനും അത് വെളിപ്പെട്ടിരുന്നു. "മീതെയുള്ള യെരുശലേമൊ സ്വതന്ത്രയാകുന്നു; അവൾ നമ്മുടെ അമ്മ'' എന്ന് ഗലാ.4:26-ൽ വായിക്കുന്നു. ബൈബിളിന് പ്രസംഗിക്കുവാനുള്ളത് ലോകാവസാനത്തിന്റെ ഭീകരതയെയല്ല-മറിച്ച് നീതി വസിക്കുന്ന ദൈവരാജ്യത്തിന്റെ പ്രത്യക്ഷതയാണ്. ലോകവും അതിന്റെ വ്യവസ്ഥിതിയും ഒന്നടങ്കം നാശത്തോടടുക്കുകയാണ് എന്ന് ഇനിയും പ്രസംഗിക്കേണ്ട ആവശ്യമില്ല. കാരണം ഇന്ന് ഭൂമിയിൽ ജീവിക്കുന്ന എല്ലാവരുടെയും പ്രതീക്ഷ നശിച്ചുകൊണ്ടിരി ക്കുകയാണ്. ധാർമ്മിക വ്യവസ്ഥിതിയും പരസ്പര സൗഹൃദവും, ജീവിതസുരക്ഷയും പരിതസ്ഥിതി സന്തുലന വുമെല്ലാം ഭീതിജനകമാംവിധം അധ:പതിക്കുമ്പോൾ ശാസ്ത്രവും തത്വശാസ്ത്രങ്ങളും രാഷ്ട്രീയതന്ത്രജ്ഞതയും മതസംഹിതകളുമെല്ലാം നിസ്സഹായരായി നോക്കിനിൽക്കുന്ന കാഴ്ചയാണ് നാം ഇന്നു കാണുന്നത്.

ഈ ഭൂമിയെ സംബന്ധിച്ച് ബൈബിൾ തരുന്ന സുവാർത്ത ദൈവം ഇടപെടും എന്നതാണ്. ഭൂമിയെ

# ഇളകുന്ന ഭൂമിയും ഇളകാത്ത രാജ്യവും

പാ:രാജു എബ്രഹാം, ചർച്ച് ഓഫ് ഇറ്റേണിറ്റി പിറവം

പുനരുദ്ധരിക്കുവാനുള്ള പ്രകൃത്യാതീതമായ ഇടപെടലാണ് യേശുവിന്റെ മഹത്വപ്രത്യക്ഷത. സകലവും യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവായ യേശുക്രിസ്തു വരും. തിന്മയെ സംബന്ധിച്ചിടത്തോളം അത് ന്യായവിധിയുടെ ദിവസമാണ്. പാപത്തെ അതിന്റെ ഉറവിടത്തോടെ കർത്താവ് ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യും. എന്നിട്ട് നീതി വസിക്കുന്ന ഒരു പുതിയ ലോകം അവിടുന്ന് സ്ഥാപിക്കും(വെളി.20:10,14). ദൈവം നമുക്ക് ഒരു തിരെഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം തന്നിട്ടുണ്ട്. ഒന്നുകിൽ തിന്മയോട് ചേർന്നുനിന്ന് ന്യായവിധിയിൽ എന്നേക്കുമായി നശിച്ചുപോകാം. അല്ലെങ്കിൽ യേശുക്രിസ്തുവിനോട് ചേർന്നുനിന്ന് ദൈവരാജ്യത്തിൽ എന്നേക്കും ജീവിക്കാം. നിങ്ങൾ സ്വയം പരിശോധിച്ച് നോക്കുക - ഞാൻ നശിച്ചുപോകുന്നവരുടെ കൂട്ടത്തിലാണോ? അതോ വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലാണോ? നിലനിൽക്കുന്ന ദൈവരാജ്യമാണ് നമ്മുടെ അവകാശദേശമെങ്കിൽ അത് നമുക്ക് ദാനം ചെയ്തിരിക്കുന്ന ന്യായാധിപതിയായ ദൈവത്തിന് സേവ ചെയ്യുന്നവരെ നോക്കി ദൈവം അഭിമാനം കൊള്ളുന്നു. "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടുംകൂടി സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ. അനുസരണയുള്ള ജീവിതങ്ങളാണ് ദൈവത്തിന് പ്രസാദമുള്ള ശുശ്രൂഷ. നന്ദിയോടെ ശുശ്രൂഷ ചെയ്യണം. നിത്യമായ രാജ്യം നമുക്കൊരുക്കിയിരിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കുന്നതാണ് നമ്മുടെ കുലീനമായ ദൗത്യം. ഒരുനാളും ഇളകാത്ത അടിസ്ഥാനങ്ങളിൽ പണിയപ്പെട്ട ദൈവരാജ്യത്തിനായി നാം ചിലവഴിക്കുന്നതൊന്നും നഷ്ടമായിത്തീരുകയില്ല. സമ്പത്തും, കഴിവുകളും പദവികളും, അവസരങ്ങളുമെല്ലാം ദൈവത്തിന് പ്രയോജനകരമായ ആത്മീയ ശുശ്രൂഷയ്ക്കായി നമുക്കുപയോഗിക്കാം. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നാം ഈ ശുശ്രൂഷ ചെയ്യണം. കാരണം നമുക്ക് നിത്യമായ രാജ്യത്തിൽ പ്രവേശനം ലഭിച്ചത് നമ്മുടെ യോഗ്യതകൊണ്ടല്ല, ദൈവത്തിന്റെ മഹാകൃപയാണ്. യേശുക്രിസ്തു ക്രൂശിൽ പൂർത്തീകരിച്ച പ്രായശ്ചിത്തയാഗത്തിന്റെ ഫലമായാണ് പാപികളായ നമുക്ക് നിത്യരാജ്യത്തിൽ ഇടം ലഭിച്ചത്. യേശുവാണ് നമുക്കുവേണ്ടി വില കൊടുത്തത്. നാം സൗജന്യമായി പ്രാപിച്ചവർ മാത്രമാണ്. അതുകൊണ്ട് നന്ദിയോടും ഭയഭക്തിയോടുംകൂടി ദൈവത്തെ ശുശ്രൂഷിക്കണം. തിന്മയ്ക്കുനേരെ ദൈവം കണ്ണടച്ചതുകൊണ്ടല്ല നമുക്ക് കരുണ ലഭിച്ചത്, ക്രൂശിൽ സ്വന്തപുത്രനെ പകരക്കാരനായി മരണത്തിന് ഏല്പിച്ചുകൊടുത്തുകൊണ്ടാണ്. നമ്മെ രക്ഷിച്ചതിന്റെ വില യേശുക്രിസ്തുവിന്റെ ജീവനാണ് എന്നോർക്കുമ്പോഴാണ് ദൈവശുശ്രൂഷയുടെ ഗൗരവം നാം തിരിച്ചറിയുന്നത്.

ഏതു നിമിഷവും ഇളകിപ്പോകാവുന്ന ഈ ലോകത്തിനായി ജീവിക്കാതെ ദൈവരാജ്യത്തിന്റെ നിലനിൽക്കുന്ന ലക്ഷ്യങ്ങൾക്കായി ജീവിക്കുമ്പോൾ ദൈവം നമ്മിൽ പ്രസാദിക്കുന്നു. വരുവാനുള്ളതിനായി ജീവിക്കുന്നുവെങ്കിൽ ദൈവം നമ്മെ പ്രശംസിക്കുന്നു. ഭൂമിയുടെ സുസ്ഥിരതയിൽ ആശ്രയം വെയ്ക്കുന്നത് യുക്തിസഹജമല്ല. ഭൗതികലോകത്തിന്റെ മാത്രമല്ല ആത്മീയസുസ്ഥിരതയുടെയും അടിത്തറ ഇളകുകയും ഇളക്കി മാറ്റുകയുമാണ്. ഇവിടോ നമുക്ക് പ്രതീക്ഷയ്ക്ക് വകയില്ല എന്ന് തിരിച്ചറിയുന്ന, ചിന്തിക്കുന്ന മനുഷ്യന് ബൈബിളിന്റെ ഈ സന്ദേശം എങ്ങനെ അവഗണിക്കുവാൻ കഴിയും. ഭൗതികമായ എല്ലാറ്റിലും ആശ്രയം നഷ്ടപ്പെട്ട മനുഷ്യന് ദൈവം യേശുക്രിസ്തുവിൽ വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യരാജ്യത്തെ എങ്ങനെ തിരസ്ക്കരിക്കുവാൻ കഴിയും. അതുകൊണ്ട് സുസ്ഥിരമായ സുരക്ഷിതത്വം നൽകുവാൻ കഴിയാത്ത ഈ ലോകത്തിനുവേണ്ടി ജീവിക്കാതെ എന്നേയ്ക്കും സ്ഥിരമായിരിക്കുന്ന ദൈവരാജ്യത്തിനായി നമ്മുടെ ജീവിതത്തെ ക്രമീകരിക്കാം. ഇളകിപ്പോകുന്ന ഈ ലോകത്തിനായി ഈ ലോകത്തിൽ ഹൃദയം വെയ്ക്കാതെ ഒരിയ്ക്കലും ഇളകാത്ത നിത്യരാജ്യത്തിനായി പ്രത്യാശ വെയ്ക്കാം. നിത്യതയും നമുക്കായി ഒരുക്കിയിരിക്കുന്ന ദൈവത്തെ ഭയഭക്തിയോടെ ശുശ്രൂഷിക്കുവാൻ നമുക്ക് ഉത്സാഹിക്കാം.

# "ആത്മാവിനെ അനുസരിച്ച് നടക്കുക"

പാ:രാജു ഐസക്, ചർച്ച് ഓഫ് ഇറ്റേണിറ്റി, അടിമാലി



ഗലാ. 5:25-ൽ പൗലൊസ് അപ്പൊസ്തലൻ പറയുന്നു "ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്ക".

ഒരു മനുഷ്യന് ഭൂമിയിൽ ആത്മാവിനെ അനുസരിച്ചും ജഡത്തെ അനുസരിച്ചും നടക്കുവാൻ കഴിയും. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ച് അവന്റെ നടപ്പ് ആത്മാവിനെ അനുസരിച്ചായിരിക്കണം. ആത്മാവിനെ അനുസരിച്ച് നടക്കുന്ന വ്യക്തിയുടെ ഉള്ളിൽ ആത്മാവ് ഉണ്ടായിരിക്കും. നാം എല്ലാം ബൈബിൾ വായിക്കുന്നവരും പഠിപ്പിക്കുന്നവരും ആകുന്നതിനാൽ ആത്മാവിനെക്കുറിച്ചുള്ള പഠനം കുറഞ്ഞുപോകരുത്. ഉല്പ.1:2 മുതൽ വെളി.22:17-വരെ പരിശുദ്ധാത്മാവിനെക്കുറിച്ച് നമുക്ക് വായിക്കുവാൻ സാധിക്കും.

പരിശുദ്ധാത്മാവിനെ അംഗീകരിക്കുന്നവർ പോലും അവിടുത്തെ പ്രവർത്തനങ്ങളെ തള്ളിക്കളയുന്നു. ചിലർ പരിശുദ്ധാത്മാവിനെ അന്യഭാഷാഭാഷണങ്ങളിൽ ഒതുക്കിനിർത്തുന്നു. പെന്തക്കോസ്ത് നാളിൽ ആരംഭിച്ച സഭായുഗം പരിശുദ്ധാത്മാവിന്റെ കാലഘട്ടമാണ്. അതുകൊണ്ട് പരിശുദ്ധാത്മാവിനെയും അവിടുത്തെ പ്രവർത്തനങ്ങളെയും ആഴത്തിൽ അറിയുന്നത് നമ്മുടെ ആത്മീയജീവിതത്തിനും ശുശ്രൂഷയ്ക്കും നല്ലതാണ്.

സൃഷ്ടിപ്പിന്റെ പ്രധാന വ്യക്തി പിതാവാണ്. പഴയനിയമത്തിൽ മനുഷ്യനുമായുള്ള ഇടപാടുകളിൽ പ്രധാനമായും കാണുന്നത് യഹോവയെയാണ്. കാൽവരിയിലെ വീണ്ടെടുപ്പിൻ പ്രവൃത്തിയുടെ പ്രധാന കാർമ്മികൻ യേശുക്രിസ്തുവാണ്. സുവിശേഷങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് ജഡാവതാരം ചെയ്ത ക്രിസ്തുവാണ്. പുതിയനിയമകാലഘട്ടത്തിൽ മനുഷ്യനുമായുള്ള ബന്ധത്തിൽ നിറഞ്ഞുനിൽക്കുന്നത് പരിശുദ്ധാത്മാവാണ്.

നമ്മുടെ വീണ്ടുംജനനത്തിന്റെയും ആത്മീയ വളർച്ചയുടെയും പ്രധാന നിർവ്വാഹകൻ പരിശുദ്ധാത്മാവാണ്. അതായത് ഇത് പരിശുദ്ധാത്മകാലഘട്ടമാണ്.


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# “ആത്മാവിനെ അനുസരിച്ച് നടക്കുക”

പാ:രാജു ഐസക്, ചർച്ച് ഓഫ് ഇറ്റേണിറ്റി, അടിമാലി

ഏകദൈവത്തിൽ മൂന്ന് ആളത്തങ്ങളും തുല്യരാണെങ്കിലും മനുഷ്യനോടുള്ള ബന്ധത്തിൽ ചെയ്യുന്ന പ്രവൃത്തികൾ വ്യത്യസ്തമാണ്. പിതാവ് സർവ്വശക്തനും സഹായകനുമാണ്– പുത്രൻ രക്ഷകനും സ്നേഹവാനും, കൃപാദാതാവുമാണ് – പരിശുദ്ധാത്മാവ് വഴി നടത്തുന്നവനും ശക്തി പകരുന്നവനും ആകുന്നു.

ദൈവവും ക്രിസ്തുവും നമ്മുടെയുള്ളിൽ വസിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അങ്ങനെ ദൈവം നമുക്ക് ഏറ്റവും സമീപസ്ഥനാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പിതാവിന്റെയും പുത്രന്റെയും പ്രവൃത്തികൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. യേശുക്രിസ്തുവന്റെ സ്വഭാവത്തോട് (ഗലാ.5:22 – സ്നേഹം സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം) അനുരൂപരാകുക എന്ന പരമപ്രധാനകാര്യം ദൈവം നമ്മിൽ ചെയ്യുന്നത് പരിശുദ്ധാത്മാവിനാൽ ആണ്. പെന്തക്കൊസ്ത്നാൾ മുതൽ കർത്താവിന്റെ രണ്ടാംവരവു വരെ പരിശുദ്ധാത്മാവ് ഇടമുറിയാതെ പ്രവർത്തിക്കുന്നു. അതിനാൽ സഭായുഗത്തെ പരിശുദ്ധാത്മയുഗം എന്നും പറയാം.

പിതാവും പുത്രനും സ്വർഗ്ഗത്തിലും പരിശുദ്ധാത്മാവ്, ഭൂമിയിലും പ്രവർത്തിക്കുന്നു. ദൈവമക്കളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തേണ്ടതിന് ലോകത്തിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു.

പിതാവിനാലുള്ള തെരെഞ്ഞെടുപ്പും നിയമനവും യേശുവിനാലുള്ള നമ്മുടെ പദവിയും ആ നാമത്തിലുള്ള അധികാരവും പരിശുദ്ധാത്മാവിന്റെ ശക്തിയും ഇത് മൂന്നുമാണ് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. പരിശുദ്ധാത്മാവ് എന്ന് വചനത്തിൽ കാണുന്നിടത്ത് എല്ലാം ഒരു അഭൗമമായ ശക്തിയുടെ പ്രദർശനമാണ്. പരിശുദ്ധാത്മാവിന്റെ ഏറ്റവും വലിയ ഗുണങ്ങളായ വിശുദ്ധിയുടെയും ശക്തിയുടെയും നിറകുടമായി ത്തീരുവാൻ ആത്മാവിനെ അനുസരിച്ച് നമുക്ക് നടക്കാം.

നമ്മെ മാനസാന്തരപ്പെടുത്തുന്നതുമുതൽ സ്വർഗ്ഗത്തിൽ എത്തിക്കുന്നതുവരെ പരിശുദ്ധാത്മാവ് ആണ്. ഒരു മനുഷ്യനിൽ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയാണ് ദൈവാത്മാവ് ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി (യോഹ.3:4, 16:8–11, 1 കൊറി.6:11, 2 തെസ്സ.2:13). തങ്ങൾ നീതിമാന്മാരാണെന്ന് ധരിക്കുന്നതാണ് മനുഷ്യന്റെ രക്ഷയ്ക്ക് തടസ്സം.

പരിശുദ്ധാത്മാവ് ഒരുവനിൽ ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി അവന്റെ ചിന്തയിലെയും, വാക്കിലെയും പ്രവൃത്തിയിലെയും തെറ്റുകളെക്കുറിച്ചുള്ള ബോധ്യം നൽകും. രണ്ടാമത് നീതിയെക്കുറിച്ച് ബോധ്യം വരുത്തുന്നു. ദൈവം നീതിമാനാണ് അതുകൊണ്ട് പാപത്തെ കണ്ടില്ല എന്ന് നടിക്കില്ല. ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന നീതി നമുക്ക് സ്വയം നൽകുവാൻ കഴിയത്തില്ല. യേശുക്രിസ്തു തന്റെ നീതി നമുക്കു നൽകുന്നു ആ നീതി നാം സ്വീകരിക്കണം. ഇനി ന്യായവിധിയെക്കുറിച്ച് ബോധ്യം വരുത്തുന്നു. യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന നീതി നാം സ്വീകരിച്ചില്ലെങ്കിൽ നാം നേരിടേണ്ടി വരുന്നത് ദൈവ ന്യായവിധിയും നരകവും ആണെന്നുള്ള മുന്നറിയിപ്പ് നൽകുന്നു.

ഈ മൂന്ന് ബോധ്യം ഉൾക്കൊള്ളുന്നവരാണ് വീണ്ടുംജനനം പ്രാപിച്ചവർ. മറ്റെല്ലാ പാപങ്ങളും ക്ഷമിക്കുന്നത് യേശുക്രിസ്തുവിനെ വിശ്വസിച്ച് അംഗീകരിക്കുന്നവരാണ്. അവരെയാണ് ആത്മീയർ എന്നു പറയുന്നത്. ആത്മീയർ എപ്പോഴും ദൈവാത്മാവിന് ചെവി കൊടുക്കും. പാപം നിമിത്തം ദൈവത്തിൽ നിന്നകന്ന് മൃതാവസ്ഥയിൽ ആയിരിക്കുന്ന നമ്മുടെ ആത്മാവിന് പുതുജീവനും ദൈവത്തോടുള്ള കൂട്ടായമയും നലകുന്നത്

# “ആത്മാവിനെ അനുസരിച്ച് നടക്കുക”

പാ:രാജു ഐസക്, ചർച്ച് ഓഫ് ഇറ്റേണിറ്റി അടിമാലി

പരിശുദ്ധാത്മാവ് ആണ്. യേശുവിനെ കർത്താവായി അംഗീകരിക്കുന്നതും ഏറ്റുപറയുന്നതും പരിശുദ്ധാത്മാവിനാലാണ് (1 കൊരി.12:3). ചുരുക്കത്തിൽ പരിശുദ്ധാത്മാവിനെ അനുസരിച്ച് നടക്കുന്നതാണ് ഒരു ദൈവപൈതലിന്റെ ആദ്യത്തെ ലക്ഷ്യം. ഗലാ.5:16-ൽ ആത്മാവിനെ അനുസരിച്ച് നടപ്പിൻ എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല. ജഡത്തിന്റെ മോഹങ്ങൾ മരിപ്പിക്കുന്നതാണ്. തുടർന്ന് വായിക്കുന്നു. 17-ാം വാക്യം ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. 18-ാം വാക്യം ആത്മാവിനെ അനുസരിച്ച് നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല. അപ്പോൾ ജഡത്തെ അനുസരിച്ച് നടക്കുന്നവരാണ് ന്യായപ്രമാണക്കാർ. റോമ.8:2-ൽ ജീവന്റെ ആത്മാവിന്റെ പ്രമാണം അഥവാ പരിശുദ്ധാത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. 3-ാം വാക്യത്തിൽ ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാത്തതിനെ സാധിപ്പാൻ. ഇവിടെ എബ്രാ.10:1-ൽ വായിക്കുക, ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തിവരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. എന്നു പറഞ്ഞാൽ ന്യായപ്രമാണത്തിന് പാപത്തിന് പരിഹാരം ഒരു കാള അല്ലെങ്കിൽ ഒരു ആട് അല്ലെങ്കിൽ ഒരു പ്രാവ്. ഇതിന്റെ രക്തത്തിൽ പാപം മറക്കുവാൻ കഴിയുന്നില്ല (എബ്രാ.9:13, 14 വായിക്കുക). അതാണ് പൗലൊസപ്പൊസ്തലൻ പറഞ്ഞത്. ന്യായപ്രമാണത്തിന് കഴിയാത്തതിനെ സാധിപ്പാൻ ദൈവം തന്റെ സ്വന്തപുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. റോമ.8:4-ൽ ആത്മാവിനെ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന് തന്നേ. തുടർന്ന് വായിച്ചാൽ നമുക്ക് മനസ്സിലാകും. ആത്മഭാവം ഉള്ളവർ അഥവാ വീണ്ടുംജനനം പ്രാപിച്ചവർ ആത്മാവിനുള്ളത് ചിന്തിക്കും. 9-ാം വാക്യം “നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ള

വരത്രെ. ജഡസ്വഭാവമുള്ളവർക്ക് ഒരിക്കലും ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല”. പ്രിയ ദൈവപൈതലേ, നിങ്ങൾ ഏത് തരത്തിൽ പെടുന്നവരാണ്; ദൈവാത്മാവിനെ അനുസരിച്ച് നടക്കുന്നവരൊ, അതോ ക്രിസ്ത്യാനി എന്നു പേർ സ്വീകരിച്ചിട്ട് ജഡസ്വഭാവത്തിൽ നടക്കുന്നവരോ. ഇതിൽ ഏറെ സങ്കടം വീണ്ടുംജനനം പ്രാപിച്ചവർ, ശുശ്രൂഷകർ എന്തിന് പാസ്റ്റർമാർ പോലും ഇന്നും ജഡസ്വഭാവത്തിൽ നടക്കുന്നത് കാണുവാൻ കഴിയും. ഒരു കാര്യം ഓർക്കുക - റോമ.8:17-ൽ ക്രിസ്തുയേശുവിനോടുകൂടെ അവകാശം കിട്ടില്ല. ഞാനും നിങ്ങളും ഇന്നല്ലെങ്കിൽ നാളെ മരിക്കേണ്ടതാണ്. “യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും”.

ക്രിസ്തുവിനെ ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നില്ലെങ്കിൽ എത്ര ശുശ്രൂഷകൾ ചെയ്യുന്നവരാണെങ്കിലും കർത്താവിന്റെ വേലയ്ക്കു വേണ്ടി എത്ര പണം മുടക്കുന്നവരാണെങ്കിലും കൃപാവരങ്ങൾ എത്ര ഉപയോഗിക്കുന്നവരാണെങ്കിലും നല്ലതുപോലെ പ്രസംഗിക്കുന്നവർ ആണെങ്കിലും മർത്യശരീരം ഉയിർക്കില്ല. ആകയാൽ ദൈവാത്മാവ് നടത്തുന്നവർ ആണ് ദൈവത്തിന്റെ മക്കൾ. അതുകൊണ്ട് ആത്മാവിന് ചെവി കൊടുക്കാം. ആത്മാവിനെ അനുസരിച്ച് നടക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

(15-ാം പേജിൽ നിന്നും തുടർച്ച)

ന്യായപ്രമാണം. കൊലോ.2:14,15-ാം വാക്യത്തെ ഉദ്ധരിക്കാം. "അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും ......... ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി. അവരെ പരസ്യമായ കാഴ്ചയാക്കി എന്നു നാം വായിക്കുന്നു."

അതായത് പ്രമാണങ്ങൾ ലംഘിച്ചാൽ ശിക്ഷയുണ്ടാകും എന്ന കയ്യെഴുത്ത് (കടച്ചീട്ട് - Promisory note) ക്രൂശിൽ തറച്ച് യേശു റദ്ദാക്കി. ഈ സത്യത്തിൽ വിശ്വസിച്ചാൽ ന്യായപ്രമാണം ആവശ്യപ്പെട്ട ശിക്ഷയെല്ലാം യേശു ക്രൂശിൽ ഏറ്റെടുത്തതുകൊണ്ട് ക്രിസ്തുയേശുവിലുള്ളവർക്ക് ശിക്ഷാവിധിയില്ല'' (റോമ.8 1).

ന്യായപ്രമാണകാലത്തെ കാര്യങ്ങളെല്ലാം അന്നത്തെ പൗരോഹിത്യവും ബലിയർപ്പണവുമെല്ലാം യേശുക്രിസ്തുവിൽ ആരംഭിക്കുന്ന കൃപായുഗത്തിലെ കാര്യങ്ങളുടെ നിഴലായിരുന്നു. ''ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല .......... ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഏത് പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ട് നിൽക്കുന്നു. യേശുവോ പാപങ്ങൾക്കു വേണ്ടി ഏകയാഗംകഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠമാകുവോളം കാത്തിരിക്കുന്നു. ഏകയാഗത്താൽ അവ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു"(എബ്രാ.10:10-14).

യേശുവാകട്ടെ തന്റെ ഏകയാഗമായ ക്രൂശുമരണത്താൽ തന്റെ ദേഹമെന്ന തിരശ്ശീല കീറി പുതുവഴി വെട്ടിത്തന്നശേഷം ഇങ്ങനെ പഠിപ്പിക്കുന്നു. ''എന്റെ ന്യായപ്രമാണം അവരുടെയുള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും. അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാനിനി ഒരിക്കലും ഓർത്തിരിക്കുകയില്ല'' (എബ്രാ.10:16-18). നമുക്ക് പാപമോചനം തന്നതുകൊണ്ടും ശരീരത്തിനും മനസ്സിനും വിടുതൽ തന്നതുകൊണ്ടും, വീണ്ടും വന്ന് സ്വർഗ്ഗരാജ്യം തരാനിരിക്കുന്നതുകൊണ്ടും യേശു യേശുവിന്റെ ശുശ്രൂഷ അവസാനിപ്പിക്കുന്നില്ല. അവൻ നമുക്ക് ഒരു പുതിയനിയമം തന്നേ അടങ്ങൂ (യിര.31:31). ആ പുതിയ നിയമം മോശെ നല്കിയ ന്യായപ്രമാണത്തിൽ നിന്നും വ്യത്യസ്തമായിരിക്കും. അത് ബ്ലാക്ക്ബോർഡു കളിലൊ ഫ്ളക്സിലൊ കമ്പ്യൂട്ടറിലൊ അല്ല എഴുതി പിടിപ്പിച്ചിരിക്കുന്നത്, ജനഹൃദയങ്ങളിലായിരിക്കും. ഈ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥൻ യേശു മാത്രമായിരിക്കും (1 തിമൊ.2:5,6). ഈ പുതിയനിയമം ആ മദ്ധ്യസ്ഥന്റെ മരണത്താൽ ഉറപ്പായിട്ടുള്ളതാണ് (എബ്രാ.9:16,17). അത്, ചോദിക്കുമ്പോൾ പിതാവ് അയ്ക്കുന്ന ആസ്വാസപ്രദനായ പരിശുദ്ധാത്മാവിന്റെ വഴിനടത്തലാണ് (യോഹ.14:26). ഇതാണ് പരിശുദ്ധാത്മാഭിഷേകം. ഇതിനോടൊന്നും ആർക്കും കൂട്ടിച്ചേർക്കുവാനൊ കുറയ്ക്കുവാനൊ ഇല്ല.

"സത്യത്തിന്റെ ആത്മാവു വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്കറിയിച്ചു തരികയും ചെയ്യും" (യോഹ.16:13). പരിശുദ്ധാത്മാവ് എന്ന ശ്രേഷ്ഠനായ ഗുരു ദാനവരഫലങ്ങളാൽ നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞ ക്രിസ്തുവിനെയും ക്രിസ്തു വഴി തന്റെ പിതാവിനെയും നമ്മിൽ ഉയർത്തിപ്പിടിക്കും. അവൻ സത്യാത്മാവാണ്. ഈ സത്യാത്മാവു വരുമ്പോൾ നാം അതിവിശുദ്ധരാവുകയും നമ്മളെ വിശുദ്ധീകരിച്ച

# ക്രിസ്തുവിന്റെ നിസ്തുല പൗരോഹിത്യം

ദേവസ്യാ മുല്ലക്കരസാർ

വചനത്തെ, വചനസത്യത്തെ ഈ വിശുദ്ധീകരണ സന്തോഷം അനുഭവിക്കാത്തവർക്ക് കൊടുക്കാൻ തുടങ്ങുകയും ചെയ്യും. ഇങ്ങനെ ക്രിസ്തുവിന്റെ സഭയെ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് മോചിപ്പിച്ച് ക്രിസ്തുവിന്റെയും പുതിയനിയമത്തിന്റെയും നിഴലായ ന്യായപ്രമാണത്തിന്റെ ഭക്തിയിൽ നിന്ന് വിടുവിച്ച്, സ്വർഗ്ഗരാജ്യത്തെ ഈ ഭൂമിയിൽ കൊണ്ടുവരുന്ന ജോലി എന്നെക്കൊണ്ട് ചെയ്യിപ്പിക്കുന്ന പരിശുദ്ധാത്മാവേ എന്നിൽ വന്ന് നിറഞ്ഞ് കവിഞ്ഞൊഴുകണമെ. സത്യാത്മാവായ ദൈവം 1 യോഹ.2:27-ൽ പറയുന്ന അഭിഷേകം (അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിക്കുവാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയാലും അത് ഭോഷ്ക്കല്ല സത്യം തന്നെ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിക്കുവിൻ) അനേകം ദൈവഭൃത്യർക്ക് കൊടുത്തിട്ടുണ്ട്. ഇനിയും അനേകായിരങ്ങൾക്ക് കൊടുക്കും. ദൈവനാമമഹത്വത്തിനായി അടിയനും തന്നു. ദൈവത്തിന് സ്തോത്രം!

# യേശുവിന് അസാദ്ധ്യമായി ഒന്നുമില്ല



എന്റെ പേര് പ്രിൻസ്. ഭാര്യ ലിയാ തോമസ്. പത്തനംതിട്ട ജില്ലയിൽ അടൂർ താമസിക്കുന്നു. എന്റെ ഭാര്യ ഇപ്പോൾ രണ്ടാമത് ഗർഭിണിയാണ്. അഞ്ച് മാസമായി. ദൈവം എനിക്കും എന്റെ കുടുംബത്തിനും കർതൃദാസനായ ദേവസ്യാ മുല്ലക്കരസാറിലൂടെ ചെയ്തുതന്ന വലിയൊരനുഗ്രഹത്തെ പ്രിയ ആത്മാഭിഷേകം വായനക്കാരുമായി പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുന്നു.

ലിയാ ഗർഭിണിയായതിന്റെ മൂന്നാം മാസത്തിൽ ഞങ്ങൾ അടുരുള്ള ലൈഫ്‌ലൈൻ ആശുപത്രിയിൽ പോയി സ്കാനിംഗ് നടത്തി. റിപ്പോർട്ട് പരിസോധിച്ച ഡോക്ടർ പറഞ്ഞു ഗർഭസ്ഥശിശുവിന് നേസൽ ബോൺ കാണുന്നില്ല. ഇങ്ങനെ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഡൗൺസിൻഡ്രോം ഉണ്ടായേക്കാം. അതായത് ക്രോമസോമുകളുടെ വേരിയേഷൻമൂലം അംഗവൈകല്യം, ഹാർട്ട്ഡിസീസ്, ബുദ്ധിമാന്ദ്യം, രോഗപ്രതിരോധ ശേഷിയില്ലായ്മ, പേശീകോശങ്ങൾക്ക് ബലക്കുറവ് മുതലായവ. രണ്ടാം പ്രാവശ്യം ബ്ലഡ്ടെസ്റ്റും സ്കാനിംഗും നടത്തിയപ്പോൾ രോഗം ഉണ്ട് എന്ന് ഡോക്ടർമാർ ഉറപ്പിച്ചു പറഞ്ഞു. മൂന്നാമത് ലാസ്റ്റ് ഒരു ടെസ്റ്റിനുംകൂടി രക്തം കൊടുത്തതിനുശേഷം ഞങ്ങൾ 2018 ജനുവരി മാസം തിരുവല്ലയിലെ ആത്മാഭിഷേകം വർഷിപ്പ് സെന്ററിൽ ബഹു.ദേവസ്യാസാറിന്റെ പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കുവാൻ വന്നു. നിങ്ങളുടെ കുഞ്ഞിന്റെ രോഗം കർത്താവ് മാറ്റി എന്ന് പ്രാർത്ഥനയ്ക്കുശേഷം സാർ പറഞ്ഞു. ഞങ്ങൾ അത് വിശ്വസിച്ചു. കാത്തിരുന്നു. 15-ാം ദിവസം രക്തം പരിശോധിച്ച റിസൾട്ട് വന്നു. ഞങ്ങളുടെ കുഞ്ഞിന് രോഗമില്ല. ഞങ്ങളെ രക്ഷിച്ച യേശുവിനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച സാറിനും ഏത് വാക്കുകൾകൊണ്ടാണ് ഞങ്ങൾ നന്ദി പറയേണ്ടത്. ജീവനുള്ള ദൈവമായ യേശുവെ അങ്ങേയ്ക്കാരാധനാ. ഞങ്ങളുടെ ഫോൺ നമ്പർ - **9447460292, 9497377141**

# വാർത്തകൾ NEWS

## ചൈനയിൽ 14 ഹൗസ് ചർച്ച് പാസ്റ്റർമാരെ അറസ്റ്റ് ചെയ്തു

ഷിജിയാംഗ്: ചൈനയിൽ 14 ഹൗസ് ചർച്ച് പാസ്റ്റർമാരെ സുരക്ഷാ പോലീസ് അറസ്റ്റ് ചെയ്തു. ജനു.13-ന് ചൈനയിലെ തുറമുഖ പ്രവിശ്യയായ ഷിജിയാംഗിലെ സാഗേലാണ് സുവിശേഷപ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നു എന്നാരോപിച്ച് സുരക്ഷാ പോലീസ് അറസ്റ്റ് ചെയ്തത്.

എല്ലാവരും മിഡിൽ ഈസ്റ്റേൺ ഇവാഞ്ചലിസം നെറ്റ്‌വർക്കിന്റെ സജീവപ്രവർത്തകരും രഹസ്യസഭകളുടെ നേതാക്കന്മാരുമാണ്. അറസ്റ്റ് ചെയ്യപ്പെട്ട പാസ്റ്റർമാർ എവിടെയാണെന്ന് അവരുടെ ബന്ധുക്കളെയൊ സഭാ വിശ്വാസികളെയോ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും ചൈന എയ്ഡ് പ്രസിഡന്റ് ബോബ് ഫൂ പറഞ്ഞു. 14 പാസ്റ്റർമാരും ഒന്നിച്ച് ഒരു നെറ്റ്‌വർക്കിനു കീഴിൽ പ്രവർത്തിച്ചുവരികയായിരുന്നു. സുവിശേഷ പ്രവർത്തന ങ്ങൾക്കും സഭാ ആരാധനയുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾക്കും പരസ്പരം ബന്ധപ്പെടാറുണ്ട്. ഇവർ രഹസ്യ മായി പ്രവർത്തിക്കുന്ന വിവരം അധികാരികൾ അറിഞ്ഞ തിനെ തുടർന്ന് റെയ്ഡ് നടത്തിയായിരുന്നു അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 6 മാസക്കാലമായി ചൈനയിൽ എല്ലായിടത്തും പോലീസ് റെയ്ഡ് നടത്തി നിരവധി പാസ്റ്റർമാരെയും വിശ്വാസികളെയും അറസ്റ്റ് ചെയ്ത് തടങ്കലിൽ പാർപ്പിച്ചുവരികയാണ്. ചൈനയ്ക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുന്നുവെന്നും, മതപ്രവർത്തനങ്ങൾ അനിയ ന്ത്രിതമായി നടക്കുന്നുവെന്നും ആരോപിച്ചാണ് അറസ്റ്റുകൾ നടത്തുന്നത്. പാസ്റ്റർമാരും വിശ്വാസികളും രാജ്യത്തെ പൗരന്മാരാണെന്ന് ബോധ്യമില്ലാതെ കടുത്ത വിവേചനമാണ് അധികാരികളുടെ ഭാഗത്തുനിന്നും നടത്തിവരുന്നത്. നീതി നിഷേധവും അഭിപ്രായസ്വാത ന്ത്ര്യവും നിരാകരിച്ചുകൊണ്ടാണ് ക്രൈസ്തവ ആരാധനാലയങ്ങൾക്കും വിശ്വാസികൾക്കുമെതിരെ അതിക്രമങ്ങൾ നടത്തുന്നത്. പ്രതികൂലങ്ങളുടെ നടുവിലും ധാരാളം ജനങ്ങളാണ് ദിനംപ്രതി യേശുക്രിസ്തുവിങ്കലേക്ക് കടന്നുവരുന്നത്. ഇത് അധികാരികളെ കൂടുതൽ അസ്വസ്ഥരാക്കുന്നു. പലരെയും ജാമ്യം കൊടുക്കാതെ മാസങ്ങളോളം തടവിൽ പാർപ്പിച്ചാണ് പീഡിപ്പിക്കുന്നതും വിചാരണക്കെത്തി ക്കുന്നതും.

**കടപ്പാട്: ഡിസൈപ്പിൾസ് ന്യൂസ്**


### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

ATHMABHISHEKAM MONTHLY
2018 MARCH
RNI NO. KER - MAL/2003/12060

Rs.20.0

Reg.No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th MARCH 2018



CHURCH OF ETERNITY

# VBS-2018

# വി.ബി.എസ് അദ്ധ്യാപകർക്ക് വേണ്ടിയുള്ള ട്രെയിനിംഗ്

**ഏപ്രിൽ 3,4**
**(ചൊവ്വ, ബുധൻ)**
**തീയതികളിൽ**

**തിരുവല്ല, മഞ്ഞാടി**
**ആത്മാഭിഷേകം**
**സഭാഹാളിൽ വച്ച്**

**ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ എല്ലാ ചർച്ചുകളിലെയും വേദപാഠഅദ്ധ്യാപരും അദ്ധ്യാപക രാകാൻ സമർപ്പണമുള്ളവരും വി.ബി.എസും ആയി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും പങ്കെടുവാൻ താൽപര്യപ്പെടുന്നു.**



Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).